ഒക്ടോബർ 2022

# സമഷ്ടി


കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം



**നമസ്തേ ഗതതർഷ ! നമസ്തേ ദുരാധർഷ !**
**നമസ്തേ സുമഹാത്മൻ! നമസ്തേ ജഗദ്ഗുരോ !**



*കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാര ജേതാവ് ശ്രീ.ജോർജ്ജ് ഓണക്കൂറിന് സമഷ്ടി കൈമാറിയപ്പോൾ. ജോർജ്ജ് ഓണക്കൂറിന്റെ 'ഹൃദയരാഗങ്ങ'ളും മറ്റ് കൃതികളും വിശകലനം ചെയ്ത് ശ്രീ. അജിത് വെണ്ണിയൂർ എഴുതിയ 'വഴിയിൽ വെളിച്ചമുണ്ടായിരുന്നു' എന്ന 'സമഷ്ടി' യിലെ ലേഖനം ഏറെ ശ്രദ്ധ നേടിയിരുന്നു.*




സമഷ്ടി
കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം
ഒക്ടോബർ 2022

*ചീഫ് എഡിറ്റർ*
**രാജേഷ് എം.ജി.**

*മാനേജിംഗ് എഡിറ്റർ*
**ശ്രീജിത്ത് കെ.എസ്.**

*എഡിറ്റർമാർ*
**സജികുമാർ എം.**
**സുനിൽകുമാർ സി.ആർ.**
**വിൻസെന്റ് യു.**
**ബിനു സത്യൻ എം.എസ്.**

*പത്രാധിപ സമിതി അംഗങ്ങൾ*
**ലാൽജി വിൽഫ്രഡ്**
**സുനിൽ സി**
**വിനു കെ എസ്**
**അസ് ലം ബി.ജെ**
**രമേഷ് കുമാർ ബി**
**ബിനു നന്ദനത്തിൽ**
**പ്രതീഷ് എം**
**ഷംസുദ്ദീൻ സിപി**
**ഹരികുമാർ കെ**
**മണിക്കുട്ടൻ എ**
**സജി കെ**
**റോയ് ജെ.ആർ**
**സന്തോഷ് പി**
**രാധാകൃഷ്ണൻ എൻ**
**ഓമനക്കുട്ടൻ ജി**
**ബിജു ബോയ്**
**മുഹമ്മദ് സലിം**
**ബിജു എസ് കെ**
**മുനീർ എ എൽ**
**സാൾട്ടർ ഐ**
**സജി ഇടവൂർ**

***പ്രസിദ്ധീകരിക്കുന്നത്***
കേരള സെക്രട്ടേറിയറ്റ് അസോസിയേഷനു വേണ്ടി ജനറൽ സെക്രട്ടറി
**കെ. ബിനോദ്**
*സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രം.*
₹20

***ഡിസൈൻ, ലേ ഔട്ട്***
**ദേവ് ഗ്രാഫ്**, തിരുവനന്തപുരം
9961213370, 8075886998

*കവർ ഡിസൈൻ*
**അരുൺ വി ദേവ്,**
ദേവ് ഗ്രാഫ്

*ലേഖകരുടെ അഭിപ്രായങ്ങൾ സമഷ്ടിയുടേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും*



# ഇത് നിലനിൽപ്പിന്റെ പോരാട്ടം സമരമുഖങ്ങളിൽ മുൻനിര **പോരാളികളാകുക.**

**സ**ർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ആറു വർഷത്തിലധികമായി നഷ്ടങ്ങളുടെ കണക്കുകൾ മാത്രമേ പറയാനുള്ളൂ.ഏറെ വാഗ്ദാനങ്ങൾ നൽകി അധികാരത്തിലേറിയ ഇടതുപക്ഷ സർക്കാർ ഇന്ന് ജീവനക്കാരുടെ അന്തസ്സിനെ തന്നെ ചോദ്യം ചെയ്യുന്ന തരത്തിലാണ് കടന്നു പോകുന്നത്. 'പങ്കാളിത്ത പെൻഷൻ അറബിക്കടലിൽ' എന്ന് മുദ്രാവാക്യം വിളിച്ച്, അത് പിൻവലിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനവും നൽകിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. ജീവനക്കാരെ പറ്റിക്കാൻ ഒരു പുന:പരിശോധന സമിതിയെ നിയമിച്ച് ലക്ഷങ്ങൾ നഷ്ടപ്പെടുത്തി. പങ്കാളിത്ത പെൻഷൻ കൂടുതൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കുകയും, ആശ്വാസ ധനസഹായം മരണപ്പെടുന്ന ജീവനക്കാരന്റെ അവസാന ശമ്പളത്തിന് തുല്യമായ തുക എന്ന യു.ഡി.എഫ് സർക്കാർ തീരുമാനം റദ്ദാക്കി പകരം അടിസ്ഥാന ശമ്പളത്തിന്റെ 30% ആക്കി വെട്ടിക്കുറയ്ക്കുകയും ചെയ്തു. 2020 ജൂൺ 4 ന് പങ്കാളിത്ത പെൻഷന് നിയമപ്രാബല്യം നൽകയും ചെയ്തു.

ക്ഷാമബത്തയും ലീവ് സറണ്ടറും കിട്ടാക്കനിയായി. ഏറെ കൊട്ടിഘോഷിച്ച് ഒടുവിൽ ആറാം വർഷം നടപ്പിൽ വരുത്തിയ മെഡിസെപ് മറ്റൊരു കബളിപ്പിക്കലും. ആനുകൂല്യങ്ങൾ കവരുന്നതിൽ സർവ്വകാല റെക്കോർഡ് സ്ഥാപിച്ച്, സിവിൽ സർവ്വീസിനെ പ്രത്യേകിച്ച് സെക്രട്ടേറിയറ്റ് സർവ്വീസിനെ ഇത്ര കണ്ട് ദുർബലമാക്കിയ ഒരു സർക്കാർ ചരിത്രത്തിൽ മറ്റൊന്ന് കാണില്ല. കെ.എസ്.ആർ.ടി.സി.യെ നാം കാണാതെ പോകരുത്. തൊഴിലാളി വർഗ്ഗ സർക്കാരെന്ന് അവകാശപ്പെടുന്ന ഒരു സർക്കാരിൽ നിന്നാണ് ഇതെല്ലാമെന്ന് ഓർത്താൽ നന്ന്.

അവകാശങ്ങൾ ഓരോന്നായി കവർന്നെടുക്കുമ്പോൾ, ആനുകൂല്യങ്ങൾ നിഷേധിക്കുമ്പോൾ സെക്രട്ടേറിയറ്റ് സർവ്വീസിന്റെ നിലനിൽപ്പിനായി കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ നടത്തുന്ന സമര പോരാട്ടങ്ങളിൽ അണിചേരുവാൻ നിങ്ങളോരോരുത്തരും തയ്യാറാവുക

**രാജേഷ് എം.ജി**
ചീഫ് എഡിറ്റർ

# ഉള്ളടക്കം













06 സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അവകാശപത്രിക
ഇർഷാദ് എം എസ്

12 മാഗ്സാസെ ചതിച്ചാശാനേ...
കെ. ബിനോദ്






16 ദേശീയപ്രസ്ഥാനത്തിൽ കേരളത്തെ കൂട്ടിയിണക്കിയ ഗാന്ധിസ്പർശം
അജിത് വെണ്ണിയൂർ

22 ബൗദ്ധിക സ്വത്തവകാശ ത്തിലൂടെ ഒരു യാത്ര...
വണ്ടന്നൂർ സുരേഷ്

26 പങ്കാളിത്ത പെൻഷൻ ജീവ നക്കാരെ വഞ്ചിക്കുന്നത് ആര് ?
ജി. ആർ. ഗോവിന്ദ്

30 പങ്കാളിത്ത പെൻഷൻ പദ്ധതി വിളിച്ചുണർത്തൽ സമരവുമായി അസോസിയേഷൻ
സമഷ്ടി വാർത്ത


31 കാലം
അരുൺ ആര്യങ്കാവ്

32 ഡോഗ്സ് ഓൺ കൺട്രി
സുനിൽ കുമാർ. എസ്

36 **REJUVENATION**
**Theertha. R**

37 ഭ്രൂണം
ഷജിബുദീൻ. ബി

41 **Oilpaintings**
**Niranjana Prakash**
**Abhinanda R**

ലേഖനം



**ഇർഷാദ് എം എസ്**
പ്രസിഡന്റ്
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# സെക്രട്ടേറിയറ്റ് ജീവനക്കാരുടെ **അവകാശപത്രിക**

**സം**സ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്തയുടെ കുടിശ്ശിക ഗഡുക്കൾ നാല് ആയിരിക്കുന്നു. ലീവ് സറണ്ടർ ആനുകൂല്യം തടയപ്പെട്ടിട്ട് മൂന്ന് വർഷവും പിന്നിട്ടു.പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന് പൊതുജന സമക്ഷം വാഗ്ദാനം ചെയ്ത് അധികാരത്തിൽ കയറിയവർ പദ്ധതിയുടെ പുനപരിശോധനാ സമിതിയുടെ റിപ്പോർട്ട് പുറത്തുവിടാതെയും അതിൻമേൽ നടപടിയെടുക്കാതെയും 500 ദിവസം പിന്നിട്ടിരിക്കുന്നു. കൊട്ടിഘോഷിച്ച് കൊണ്ടുവന്ന മെഡിസെപ് പദ്ധതി ജീവനക്കാർക്കോ കുടുംബാംഗങ്ങൾക്കോ യാതൊരു പ്രയോജനവും ചെയ്യാത്ത പദ്ധതിയായി പരിണമിച്ചിരിക്കുന്നു.

സെക്രട്ടേറിയറ്റിലെ തസ്തികകളാകട്ടെ, അനുദിനം അരിഞ്ഞു വീഴ്ത്തപ്പെടുകയാണ്. ഈ സാഹചര്യത്തിലാണ് സെക്രട്ടേറിയറ്റ് ജീവനക്കാർ അഭിമുഖീകരിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയും ഇടപെടലും ആവശ്യപ്പെട്ടുകൊണ്ട് അവകാശപത്രിക സമർപ്പിക്കാൻ കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ തയ്യാറായത്.

സംസ്ഥാനസർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെ 11 ശതമാനം വരുന്ന തുക ഡി.എ ഇനത്തിൽ കുടിശ്ശികയാണ്. വർധിച്ചുവരുന്ന പണപ്പെരുപ്പത്തിനിടയിൽ വിലക്കയറ്റം നേരിടാൻ അനുവദിക്കപ്പെടുന്ന ശമ്പളഘടകമായ ക്ഷാമബത്ത, അതിന്റെ ഉദ്ദേശ്യമെന്തെന്ന് പോലും മനസ്സിലാകാത്ത പോലെയാണ് കഴിഞ്ഞ കുറെക്കാലമായി സർക്കാർ പ്രവർത്തിച്ചുവരുന്നത്. വർഷത്തിൽ ജനുവരി മാസത്തിലും ജൂലൈ മാസത്തിലും അനുവദിക്കേണ്ട ഡി.എ അപ്പപ്പോൾ അനുവദിക്കാതെ തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം ലഭ്യമാക്കുന്ന രീതി ഇടതുസർക്കാർ ഒരു ശീലമാക്കിയിരിക്കുന്നു. കഷ്ടിച്ച് ഒരുമാസം കൊടുത്താൽ മതിയാകുമെന്നും അതേസമയം അവകാശവാദം നടത്താനുമാകും എന്നുള്ള മനോഭാവം കൊണ്ടുമാണ് ഇത്തരത്തിൽ പൊള്ളയായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നത്.ജീവനക്കാരോട് അങ്ങേയറ്റം നിഷേധാത്മകമായ

*സംസ്ഥാനസർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെ 11 ശതമാനം വരുന്ന തുക ഡി.എ ഇനത്തിൽ കുടിശ്ശികയാണ്. വർധിച്ചുവരുന്ന പണപ്പെരുപ്പത്തിനിടയിൽ വിലക്കയറ്റം നേരിടാൻ അനുവദിക്കപ്പെടുന്ന ശമ്പളഘടകമായ ക്ഷാമബത്ത, അതിന്റെ ഉദ്ദേശ്യമെന്തെന്ന് പോലും മനസ്സിലാകാത്ത പോലെയാണ് കഴിഞ്ഞ കുറെക്കാലമായി സർക്കാർ പ്രവർത്തിച്ചുവരുന്നത്.*



നിലപാട് വച്ചുപുലർത്തുന്ന എൽ ഡി എഫ് സർക്കാർ ഡി.എ അനുവദിക്കുന്നതിലും അതേ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. 2016ൽ യു.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ ജീവനക്കാർക്ക് ഒരു ഗഡുപോലും ഡി.എ കുടിശ്ശിക ഉണ്ടായിരുന്നില്ല. 2021 ൽ എൽ.ഡി.എഫ് സർക്കാർ കാലാവധി പൂർത്തിയാക്കിയപ്പോൾ ഒരു ഗഡു ഡി.എ കുടിശ്ശികയാക്കി. അതും നിയമസഭാ തെരഞ്ഞെടുപ്പിന് നാല് നാൾമുമ്പ് നാല് ഗഡു ഡി എ ഒരുമിച്ച് അനുവദിച്ചതിനാൽ മാത്രം. അല്ലായിരുന്നെങ്കിൽ അഞ്ചുവർഷം തികച്ച് ഭരിച്ച് അഞ്ചു ഗഡു ഡി എ കുടിശ്ശികയാക്കി എന്ന ബഹുമതിപത്രവുമായി ഇടതു ഭരണത്തിന് തുടർഭരണത്തിലേക്ക് കടക്കാമായിരുന്നു.എന്നാൽ അന്ന് കപ്പിനും ചുണ്ടിനുമിടയിൽ നഷ്ടപെടുത്തിയ ആ 'ബഹുമതി' ഇടതു അധികാരികൾ രണ്ടു വർഷത്തിനുള്ളിൽ എത്തിപിടിക്കാനുള്ള തീവ്രശ്രമത്തിലാണ്. ഇതാണ് സ്ഥിതിയെങ്കിൽ അതിനായി ജനുവരിവരെ കാത്തിരുന്നാൽ മതിയാകും.

ലീവ് സറണ്ടർ സർക്കാർ ജീവനക്കാരെ സംബന്ധിച്ചേടത്തോളം മധുരതരവും മനോഹരവുമായ സ്മരണ മാത്രമായി അവശേഷിക്കുമോ എന്ന സന്ദേഹത്തിലാണ്.സാധാരണയായി (മൂന്നു വർഷം മുമ്പ് വരെ) സർക്കാർ ജീവനക്കാരുടെ വീടുകളിൽ മധ്യവേനൽ അവധിക്കാലത്ത് സന്തോഷം വിരുന്നെത്തിച്ചിരുന്ന സമാശ്വാസമായിരുന്നു സറണ്ടർ ആനുകൂല്യം.പിടുത്തങ്ങൾക്കൊന്നും വിധേയമാകാതെ പൂർണ്ണമായും കൈയിൽ കിട്ടുന്ന തുക. അതുകൊണ്ട് തന്നെ അതിൽ ആരു കൈ വച്ചാലും അതിനെതിരെ ഒരുമിച്ചു ശബ്ദവും സമരവും ഉയരുക പതിവായിരുന്നു. അതാണ് 1983ൽ രണ്ട് മാസത്തേക്ക് സറണ്ടർ ആനുകൂല്യം നിർത്തിവയ്ക്കാൻ ശ്രമിച്ചപ്പോഴും 2002 ൽ അത് നിർത്തലാക്കാൻ ശ്രമിച്ചപ്പോഴും സമരരൂപത്തിൽ പ്രതിഫലിച്ചത്.എന്നാൽ ഇടതു ഭരണത്തിൽ മൂന്ന് സാമ്പത്തികവർഷമായി ലീവ് സറണ്ടർ ലഭിക്കുന്നില്ല. മൂന്നു മാസത്തെ ശമ്പളം സ്വാഹ. അപ്പോഴും ഭരണ വിലാസം സംഘടനകൾ സ്വയം തീർത്ത മൗനത്തിലാണ്. അവകാശ സംരക്ഷണത്തേക്കാൾ അധികാര ഭ്രമവും രാഷ്ട്രീയ വിധേയത്വവും ജീവനക്കാരെ വിസ്മരിച്ച് ഭരണത്തെ പുൽകാൻ അവരെ പ്രേരിപ്പിക്കുന്നു. നിലവിലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ നിഷേധത്തിന്റെ കാലാവധി സെപ്തംബർ 30 വരെയാണ്. ജീവനക്കാരുടെ നിരന്തര ആവശ്യം പരിഗണിച്ച് ഒക്ടോബർ 1 മുതലെങ്കിലും ലീവ് സറണ്ടർ അനുവദിക്കാൻ സർക്കാർ തയ്യാറാകണം.

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന് വാഗ്ദാനം നൽകിയാണ് കേരളത്തിൽ 2016ൽ ഇടതു മുന്നണി അധികാരത്തിലെത്തിയത്. എന്നാൽ അഞ്ചു വർഷത്തെ ഭരണകാലത്ത് അത് പിൻവലിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല.അധികാരം പാതിവഴിപിന്നിട്ടശേഷം 2018 നവംബറിലാണ് പാ ങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയെ പോലും നിയോഗിച്ചത്. തങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടുന്ന അവസരമായിട്ട് പോലും സമിതിയുടെ റിപ്പോർട്ട് വാ

ങ്ങിയെടുത്തില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് 2021 ഏപ്രിൽ 30 നാണ് സമിതി റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ട് ലഭിച്ചിട്ട് 500 ദിവസം പിന്നിട്ടിരിക്കുന്നു. ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല.

**പങ്കാളിത്ത പെൻഷൻ**

പുനപരിശോധനാ സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് ഒന്നര വർഷത്തോളമായിട്ടും തീരുമാനമെടുക്കാത്തതിൽ ജീവനക്കാരിൽ പ്രതിഷേധം ശക്തമാകുകയാണ്. കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ ഇക്കാര്യത്തിൽ സർക്കാരിനെ വിളിച്ചുണർത്താൻ സെപ്തംബർ 16 ന് സമരം നടത്തുകയുണ്ടായി. വരും ദിവസങ്ങളിൽ ശക്തമായ സമരമാർഗ്ഗങ്ങളിലേക്ക് കടക്കേണ്ടിവരും. ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ മെല്ലെപ്പോക്ക് സമീപനമാണ് തുടർന്നും സ്വീകരിക്കുന്നത് എങ്കിൽ അത് ഗൗരവമായി തന്നെ അസോസിയേഷൻ കണ്ടുകൊണ്ടുള്ള പ്രക്ഷോഭങ്ങളായിരിക്കും ആവിഷ്കരിക്കുക

*നിലവിലുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് സ്കീമിനെ അട്ടിമറിക്കുന്നതിനാണ് മെഡിസെപ്പിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെങ്കിൽ അതിനെതിരായി വൻ പ്രക്ഷോഭം ഉയർന്ന് വരിക തന്നെ ചെയ്യും.*

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് 400ഓളം കേസുകളാണ് വിവിധ കോടതികളിൽ ഉള്ളതെന്ന് വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് മറുപടിയായി സർക്കാർ പറയുന്നു. എന്നാൽ കോടതികളിലെ കേസുകളിൽ സർക്കാർ ഹാജരാകുന്നില്ലെന്ന് ജീവനക്കാരിൽ ആക്ഷേപമുണ്ട്.

2013 ഏപ്രിൽ ഒന്നിനാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. ഇതിനിടെ പദ്ധതിയിൽപ്പെട്ട 2000ഓളം പേർ വിരമിച്ചുകഴിഞ്ഞു. ഇവർക്ക് 200 രൂപ മുതൽ 1300 രൂപ വരെയാണ് പ്രതിമാസപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നത്. പുനപരിശോധനാ സമിതിയുടെ പേരിൽ കേന്ദ്രത്തിൽ നൽകുന്ന ആനുകൂല്യങ്ങൾപോലും പങ്കാളിത്ത പെൻഷൻകാർക്ക് നിഷേധിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രവും മറ്റ് പല സംസ്ഥാനങ്ങളും ഡി.സി.ആർ.ജി. നൽകുമ്പോൾ കേരള






ത്തിൽ നൽകുന്നില്ല. കേന്ദ്രവിഹിതം 10 ശതമാനത്തിൽനിന്നും 14 ശതമാനമാക്കിയപ്പോഴും കേരളത്തിലെ ജീവനക്കാർക്ക് വർധിപ്പിച്ചില്ല. പുനപരിശോധനാ സമിതിയുടെ പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ജീവനക്കാർക്ക് കടുത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു.


അതേസമയം, ഓണാഘോഷത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഉത്സവബത്ത അനുവദിച്ചെങ്കിലും വിരമിച്ച പങ്കാളിത്ത പെൻഷൻകാർക്ക് സാങ്കേതിക തടസ്സങ്ങൾ കാരണം ലഭ്യമായിട്ടില്ല. വിരമിച്ച് കഴിഞ്ഞാൽ സ്പാർക്കിൽ ഇവരുടെ പേരുവിവരങ്ങൾ നീക്കം ചെയ്ത സാഹചര്യത്തിൽ ഇവരുടെ വിവരങ്ങൾ ഇല്ലാത്തതാണ് ആനുകൂല്യങ്ങൾ ലഭ്യമാകാത്തതെന്നാണ് വിവരം. ഇത് പരിഹരിക്കാൻ സർക്കാരും തയ്യാറാകുന്നില്ല.

നിലവിലുള്ള മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് സ്കീമിനെ അട്ടിമറിക്കുന്നതിനാണ് മെഡിസെപ്പിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെങ്കിൽ അതിനെതിരായി വൻ

> **“ *മെച്ചപ്പെട്ട വിദഗ്ധ ചികിത്സ ജീവനക്കാർക്ക് ലഭ്യമാക്കാനുതകുന്ന ആശുപത്രികൾ മെഡിസെപ്പ് ലിസ്റ്റിൽ പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം.* **

പ്രക്ഷോഭം ഉയർന്ന് വരിക തന്നെ ചെയ്യും. സംസ്ഥാനത്തെ പ്രമുഖ ആശുപത്രികളെയൊന്നും പദ്ധതിയിൽ എൻറോൾ ചെയ്യിക്കാതെ പദ്ധതിയെ പ്രഹസനമാക്കി മാറ്റാനാണ് സർക്കാർ ശ്രമിച്ചത്. മെച്ചപ്പെട്ട വിദഗ്ധ ചികിത്സ ജീവനക്കാർക്ക് ലഭ്യമാക്കാനുതകുന്ന ആശുപത്രികൾ മെഡിസെപ്പ് ലിസ്റ്റിൽപെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ മെഡിസെപ് കുറ്റമറ്റ രീതിയിൽ അടിയന്തിരമായി പരിഷ്കരിക്കുകയും പുന:സംവിധാനം ചെയ്യുകയും വേണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ പദ്ധതി ഓപ്ഷണൽ ആക്കണം എന്ന ആവശ്യത്തിലേക്ക് ജീവനക്കാർ നിർബന്ധിതമാകുന്ന സ്ഥിതിവിശേഷം സംജാതമാകും.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ അപേക്ഷകൾ നിരന്തരം നിരസിക്കപ്പെടുന്നു. മുൻകാലങ്ങളിൽ ലഭിച്ചിരുന്ന അന്യത്ര സേവന തസ്തികകൾ പോലും സെക്രട്ടേറിയറ്റ് സർവീസിന് അന്യമായിരിക്കുന്നു. രാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തി സെക്രട്ടേറിയറ്റ് ജീവനക്കാരെ ഡെപ്യൂട്ടേഷന് പരിഗണിക്കാത്തത് അത്യന്തം പ്രതിഷേധാർഹമാണ്. കൂടാതെ വിവിധ കമ്മീഷനുകളിൽ ഇപ്പോൾ നിലനിൽക്കുന്ന സെക്രട്ടേറിയറ്റ് തസ്തികകൾ നിർത്തലാക്കാനുള്ള ശ്രമങ്ങൾക്ക് ദ്രുതവേഗം കൈവരിച്ചിരിക്കുന്നു. നൂറോളം അസിസ്റ്റൻറ് തസ്തികകൾ ഇത്തരത്തിൽ ഇല്ലാതാക്കാനാണ് ഇപ്പോഴത്തെ ഗൂഢനീക്കം. പിൻവാതിൽ നിയമനം



നടത്തിക്കൊണ്ട് പിന്നോക്ക വിഭാഗ കമ്മീഷൻ, മനുഷ്യാവ കാശ കമ്മിഷൻ, പട്ടികജാതി പട്ടിക ഗോത്ര കമ്മീഷൻ, മുന്നോക്ക കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ തുടങ്ങിയ സ്ഥാപന ങ്ങളിൽ നിന്നും സെക്രട്ടേറിയറ്റ് അസിന്റുമാരെ പറഞ്ഞു വിടാനാണ് നീക്കം.

ഗവൺമെന്റ് സെക്രട്ടറിമാരുടെ ഓഫീസ് പ്രവർത്തനത്തിന് നിലവിൽ തന്നെ ഒരു കുറ്റമറ്റ സംവിധാനം നിലനിൽക്കുന്നുണ്ട്. എന്നാൽ ആ സംവിധാനത്തെ കെ.എ.എസ്സുമായി കൂട്ടികെട്ടിക്കൊണ്ടും പേഴ്സണൽ അസിസ്റ്റൻറുമാരെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെയും പടിയിറക്കിക്കൊണ്ടും പുതിയ സെൽഭരണത്തിന് തുടക്കം കുറിക്കാൻ ഭരണകൂടം ലക്ഷ്യമിടുന്നു.

രണ്ടാം വരവിൽ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികകൾ പൂർണ്ണമായും നിഷ്കാസനം ചെയ്തേ അടങ്ങൂ എന്ന

***സെക്രട്ടേറിയറ്റിലെ മിക്കവാറും സെക്ഷനുകളും ജോലിഭാരത്താൽ വീർപ്പുമുട്ടുമ്പോൾ നടത്തുന്ന ഇത്തരം പ്രസ്താവനകൾ യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുന്നതും വസ്തുതകൾക്ക് നേരെ കൊഞ്ഞനം കുത്തുന്നതുമാണ്.***

ദുർവാശിയിലാണ് സെക്രട്ടേറിയറ്റ് വിരുദ്ധത മുഖമുദ്രയായ ഇടതു ഭരണം. നൂറുകണക്കിന് തസ്തികകൾ നിർത്തലാക്കിയശേഷവും അരിശം തീരാതെ അടുത്ത വട്ടം അരിഞ്ഞു വീഴ്ത്തലിനായി ഖഡ്ഗത്തിന് മൂർച്ചകൂട്ടിയിരിപ്പാണ്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 08/03/2016ലെ ജി.ഒ. (പി) 08/2016/ജിഎഡി നമ്പർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാരെയും സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയിരുന്നു. അതിനെ തുടർന്ന് വിവിധ വകുപ്പുകളിലെ പൊതു റാങ്ക് ലിസ്റ്റിൽ നിന്നും സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള നിയമനം നിർത്തലാക്കുകയും അതിനായി പ്രത്യേക പരീക്ഷ നടത്തുകയും ചെയ്തു. തസ്തികയുടെ യോഗ്യത ഏഴാം ക്ലാസിൽ നിന്നും എസ് എസ് എൽ സി യായി ഉയർത്തി. യോഗ്യത ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള കമ്മീഷൻ സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻ

ഡന്റ് ഗ്രേഡ് II) തസ്തികയുടെ ശമ്പള സ്കെയിൽ (പ്രീ റിവൈസ്ഡ് ) 17000-37500, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് I 17500-39500 അറ്റൻഡർ 18000-41500 അറ്റൻഡർ (HG) 19000-43600, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II 20000-45800 ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I 22200-48000 എന്നിങ്ങനെ ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ സർക്കാർ ഈ ശുപാർശ അംഗീകരിക്കാതിരുന്നതിനെ തുടർന്ന് കുറഞ്ഞ ശമ്പള സ്കെയിലുകൾ മാത്രമേ സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ലഭ്യമായുള്ളൂ. അതായത് 23700-52600 ന് പകരം 23000-50200 24400-55200 ന് പകരം 23700-52600 25100-57900 ന് പകരം 24400-55200 26500-60700 ന് പകരം 25100-57900 27900-63700 ന് പകരം 26500-60700 31100-66800 ന് പകരം 27900-63700 സ്കെയിലുകളാണ് ലഭിച്ചത്.ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിട്ടുകൂടി അത് നടപ്പിലാക്കാതെ ജീവനക്കാരെ വഞ്ചിക്കുകയായിരുന്നു എൽ ഡി എഫ് ഭരണം.

സെക്രട്ടേറിയറ്റിലെ തസ്തികകൾ പഞ്ചായത്തുകളിലേക്കും മറ്റും പുനർവിന്യസിക്കുമെന്ന പ്രസ്താവനകൾ അടിക്കടി വന്നു കൊണ്ടിരിക്കുകയാണ്.ശാസ്ത്രീയമായ ഒരു പഠനവും നടത്താതെയാണ് ഇത്തരം പ്രഖ്യാപനങ്ങൾ എന്നതാണ് വസ്തുത. സെക്രട്ടേറിയറ്റിലെ മിക്കവാറും സെക്ഷനുകളും ജോലിഭാരത്താൽ വീർപ്പുമുട്ടുമ്പോൾ നടത്തുന്ന ഇത്തരം പ്രസ്താവനകൾ യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുന്നതും വസ്തുതകൾക്ക് നേരെ കൊഞ്ഞനം കുത്തുന്നതുമാണ്.

പ്രൊമോഷനുകൾക്ക് അമിതമായ കാലതാമസമാണ് സെക്രട്ടേറിയറ്റിൽ കാണുന്നത്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിൽ അസാധാരണമായ കാലതാമസം നേരിടുന്നു. ഡി.പി.സി ലിസ്റ്റ് തീർന്ന് മാസങ്ങളായാലും ഡി.പി.സി കൂടാൻ അധികൃതർ തയ്യാറാകുന്നില്ല. യഥാസമയമുള്ള പ്രൊമോഷൻ ലഭിക്കാത്തതിനാൽ ജീവനക്കാർക്കുള്ള നഷ്ടം വളരെ വലുതാണ്. വിരമിക്കലിന്റെ വക്കിലെത്തിയിരിക്കുന്നവരുടെ കാര്യത്തിൽ പ്രത്യേകിച്ചും.പ്രതീക്ഷിത ഒഴിവുകൾ കണക്കുകൂട്ടുന്നതിൽ വരുത്തുന്ന പിശകിന് ജീവനക്കാർ ബലിയാടാകുന്ന അവസ്ഥ അനുവദിക്കാനാകില്ല.

പതിനൊന്നിന അവകാശ പ്രതിക സമർപ്പണത്തിലൂടെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ജീവൽ പ്രധാനമായ പ്രശ്നങ്ങൾക്ക് സത്വരവും ശാശ്വതവുമായ പരിഹാരം കാണണമെന്നാണ് അസോസിയേഷൻ ആഗ്രഹിക്കുന്നത്. എന്നാൽ ഇടതുഭരണത്തിൽ അവയുടെ സാക്ഷാൽക്കാരം ദുർഘടമായിരിക്കുമെന്ന് അസോസിയേഷന് അറിയാം. അതിനാൽതന്നെ അതിനായി ശക്തമായ പ്രക്ഷോഭം അനിവാര്യമായിരിക്കുന്നു. പ്രക്ഷോഭ പരമ്പരകളിൽ എല്ലാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

## പതിനൊന്നിന അവകാശപത്രിക

- കുടിശ്ശികയായ 11% ഡി.എ ഉടൻ അനുവദിക്കുക
- ലീവ് സറണ്ടർ ഒക്ടോബർ 1 മുതൽ പുന:സ്ഥാപിക്കുക
- പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുക
- മെഡിസെപ്പ് കുറ്റമറ്റ രീതിയിൽ അടിയന്തരമായി പരിഷ്ക്കരിക്കുക
- വെട്ടിക്കുറച്ച ഡെപ്യൂട്ടേഷൻ തസ്തികകൾ പുന:സ്ഥാപിക്കുക
- വിവിധ കമ്മീഷനുകളിലെ അസിസ്റ്റന്റ് തസ്തികകൾ നിർത്തലാക്കാനുള്ള നീക്കം ഉപേക്ഷിക്കുക
- PA/CA തസ്തികകൾ വെട്ടിച്ചുരുക്കി KAS കാരെ കുടിയിരുത്താനുള്ള നീക്കം ഉപേക്ഷിക്കുക
- ഓഫീസ് അറ്റൻഡന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, തസ്തികകൾ നിർത്തലാക്കിയ നടപടി റദ്ദാക്കുക
- സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത പ്രത്യേകം സ്കെയിൽ 01- 07- 2019 മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുക
- സെക്രട്ടേറിയറ്റ് തസ്തികകളുടെ പുനർവിന്യാസ നീക്കം ഉപേക്ഷിക്കുക
- പ്രൊമോഷനുകളിലെ കാലതാമസം ഒഴിവാക്കുക

ലേഖനം




**കെ. ബിനോദ്**
ജനറൽ സെക്രട്ടറി
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ


# മാഗ്സാസെ
# ചതിച്ചാശാനേ...

***നേരം പരപരാന്ന് വെളുക്കുന്നതേയുള്ളൂ. ടീച്ചറമ്മ ഒന്നു തലചായ്ക്കാൻ ശ്രമിച്ചു. ഇല്ല, നിദ്രാദേവി അനുഗ്രഹിക്കുന്ന മട്ടില്ല. ടീച്ചറമ്മ സ്റ്റാഫംഗങ്ങളെ വിളിച്ചെഴുന്നേല്പിച്ചു. നമുക്ക് നേരെ പേരാമ്പ്രയിലെ രോഗിയുടെ വീട് സന്ദർശിക്കാം. സ്റ്റാഫംഗങ്ങളോടും ഡോക്ടർമാരോടും കൂടി ടീച്ചറമ്മ രോഗിയുടെ വീട് സന്ദർശിച്ചു.***

**കോ**വിഡ്-19 മഹാമാരിയിൽ നിന്നും കേരളത്തെ ഒറ്റക്ക് 'കരകയറ്റിയ' കാരണത്താൽ ടീച്ചറെ 'മാഗ്സാസെ ഗപ്പ്' വാങ്ങുന്നതിൽ നിന്നും തടഞ്ഞ പ്രിയ കമ്യൂണിസ്റ്റ് സഖാക്കളെ, നിങ്ങൾക്ക് കാലവും കേരളവും മാപ്പു നൽകില്ല.

നിപ്പയെ പ്രതിരോധിക്കാനെങ്കിലും നമ്മുടെ ടീച്ചറമ്മ ഒറ്റക്ക് നടത്തിയ പോരാട്ടം നിങ്ങളോർക്കണമായിരുന്നു. ചെയ്യുന്ന കാര്യങ്ങൾ വിളിച്ചു പറഞ്ഞ് വീമ്പിളക്കാനും മേനിപറഞ്ഞ് നടക്കാനും നിങ്ങൾ കമ്യൂണിസ്റ്റുകൾക്ക് തീരെ താത്പര്യമില്ല എന്നറിയാം. പിന്നെ, ടീച്ചറമ്മയുടെ കാര്യം പറയുകയാണെങ്കിൽ, ആത്മപ്രശംസ അവർക്ക് പണ്ടേ ഇഷ്ടമല്ല. എന്നിരുന്നാലും, നിങ്ങൾ ഇത്രയും ആക്ഷേപമുന്നയിച്ച സ്ഥിതിക്ക് നിപ്പാ കാലത്ത് ടീച്ചറമ്മ നടത്തിയ ഒറ്റയാൾ പോരാട്ടത്തിന്റെ 'ജ്വലിക്കുന്ന ഓർമ്മകൾ' ഒന്നയവിറക്കിക്കോട്ടെ!

2018-ാമാണ്ട് മെയ് മാസം 17-ാം തീയതി കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ദുർദിനം തന്നെയായിരുന്നു. അന്നേ ദിവസം അതിരാവിലെ ഉദ്ദേശം 2.00 മണിയോടുകൂടി പേരാമ്പ്രാ ടൗണിലെ 28 കാരനായ ഒരു ചെറുപ്പക്കാരനെ രോഗം മൂർഛിച്ച് അതീവ ഗുരുതരാവസ്ഥയിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നു. കടുത്ത പനി, ഛർദ്ദി എന്നിവയായിരുന്നു രോഗലക്ഷണങ്ങൾ. ജപ്പാൻ ജ്വരത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ കാണിച്ച രോഗിയെ അവിടുത്തെ ഡോക്ടർമാർ ചികിത്സക്ക് വിധേയനാക്കി. എന്നാൽ രോഗിയുടെ ആരോഗ്യസ്ഥിതിയിൽ പുരോഗതിയുണ്ടാകുന്നില്ലെന്ന് മാത്രമല്ല, രോഗം കൂടുതൽ വഷളാകുകയാണുണ്ടായത്.

രോഗിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഹിസ്റ്ററി പരിശോധിച്ചപ്പോഴാണ് രോഗിയുടെ സഹോദരൻ സമാനമായ രോഗലക്ഷണങ്ങളോടെ 12 ദിവസം മുമ്പ് മരണപ്പെട്ടതായി അറിയുന്നത്. കൂടാതെ രോഗിയുടെ അച്ഛനും അമ്മായിയും സമാന രോഗലക്ഷണങ്ങൾ കാണിക്കാനാരംഭിച്ചതായി ശ്രദ്ധയിൽപ്പെടുകയും ചെയ്തു.

കാര്യങ്ങൾ കൈവിട്ടു പോകുമെന്ന് മനസ്സിലാക്കിയ ഡോക്ടർമാർക്കു മുന്നിൽ പിന്നെ ഒരേയൊരു മാർഗ്ഗമെയുണ്ടായിരുന്നുള്ളൂ. ടീച്ചറമ്മയെ വിളിക്കുക. ഡോ




കൂർമാർ ടീച്ചറമ്മയെ അപ്പോൾ ത്തന്നെ വിളിച്ച് കാര്യം പറഞ്ഞു. 'ഞാൻ വേണ്ടത് ചെയ്യാം'- ഡോക്ടർമാർക്ക് ഉറപ്പു നല്കി.

സംഗതി പന്തിയല്ലെന്ന് മനസ്സിലാക്കിയ ടീച്ചറമ്മ, വൈദ്യ വിദ്യാഭ്യാസക്കാരെ വിളിച്ചു. 'നേരം വെളുക്കട്ടെ മാഡം....നോക്കാം'- അവർ ഫോൺ കട്ടുചെയ്ത് വീണ്ടും ഉറക്കത്തിലേക്ക് വഴുതി വീണു. ടീച്ചറമ്മ ആരോഗ്യനെ വിളിച്ചപ്പോഴും സമാനമായ പ്രതികരണമാണുണ്ടായത്. 'പേഷ്യന്റിന് പാരസെറ്റമോളും ഐ.വി. ഫ്ളൂയിഡും നൽകാൻ വിളിച്ചു പറയാം മാഡം'-അദ്ദേഹം കൈയൊഴിഞ്ഞു. അവസാനത്തെ അത്താണിയെന്ന നിലക്ക് ടീച്ചറമ്മ കാര്യസ്ഥനെ വിളിച്ചു. അദ്ദേഹമാണെങ്കിൽ ഫോൺ തന്നെ എടുക്കുന്നില്ല. 'അല്ലേലും അയാൾക്ക് കാൾ അറ്റൻഡ് ചെയ്യാൻ താത്പര്യമില്ല, മെസ്സേജ് അയക്കാനാണ് കൂടുതൽ കമ്പം'.- പിറുപിറുത്തു കൊണ്ട് ടീച്ചറമ്മ ഫോൺ കട്ടു ചെയ്തു.

ഇനിആരുടെയെങ്കിലും സഹായം സ്വീകരിക്കാൻ ശ്രമിക്കുന്നത് നിരർത്ഥകമാണെന്ന് തിരിച്ചറിഞ്ഞ ടീച്ചറമ്മ, മുൻപ് MBBS - ന് പഠിച്ച ബുക്കുകളും നോട്ടുകളും ജേർണലുകളും പൊടി തട്ടിയെടുത്ത് ബേബി മെമ്മോറിയൽ ആശുപത്രിയിലേക്ക് കുതിച്ചു.

ടീച്ചറമ്മയെത്തുമ്പോൾ ഇതികർത്തവ്യാമൂഢരായി നില്ക്കുകയായിരുന്നു ബേബി മെമ്മോറിയൽ ആശുപത്രിയിലെ ഡോക്ടർമാർ. ഒറ്റ നോട്ടത്തിൽ ത്തന്നെ രോഗിക്ക് ജപ്പാൻ ജ്വരമല്ലെന്ന് ടീച്ചറമ്മ ഉറപ്പിച്ചു. 'ഇനി പേവിഷബാധയോ വിഷം തീണ്ടിയതോ ആകുമോ?'- ഒരു ഡോക്ടർ സംശയമുന്നയിച്ചു. 'ഏയ് അതൊന്നുമല്ല. എങ്കിൽ കുടുംബത്തിലെ എല്ലാപേർക്കും ഒരേ സമയം രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടേണ്ടതല്ലെ? മാത്രവുമല്ല വിഷം തീണ്ടുന്നവർക്ക് പനി വരേണ്ട കാര്യവുമില്ല'.- ടീച്ചർ പറഞ്ഞു നിർത്തി. രോഗം ഡയഗ്നോസ് ചെയ്യാനുള്ള ടീച്ചറമ്മയുടെ പ്രാവീണ്യം കണ്ട് ഡോക്ടർമാർ അമ്പരന്നുനിന്നു.

'ഇത് നമ്മൾ വിചാരിക്കുന്ന രോഗമാണെന്ന് തോന്നുന്നില്ല. എന്റെ ജൂനിയറായി പഠിച്ച ഒരു ഡോക്ടറെ എനിക്ക് പരിചയമുണ്ട്. ഡോ.ജി. അരുൺകുമാർ, വൈറോളജിയുടെ കാര്യത്തിൽ

| STATE NAME: | TOTAL CONFIRMED: | CURED/ DISCHARGED/ MIGRATED: | DEATH: | CI |
|---|---|---|---|---|
| Andaman and Nicobar | 10664 | 10509 | 129 | |
| Andhra Pradesh | 2338145 | 2323170 | 14733 | |
| Arunachal Pradesh | 66831 | 66516 | 296 | |
| Assam | 745523 | 734747 | 8034 | |
| Bihar | 850342 | 837816 | 12300 | |
| Chandigarh | 99185 | 97961 | 1181 | |
| Chhattisgarh | 1175974 | 1161311 | 14130 | |
| Dadra and Nagar Haveli and Daman and Diu | 11587 | 11581 | 4 | |
| Delhi | 2003013 | 1976107 | 26501 | |
| Goa | 257898 | 253619 | 3966 | |
| Gujarat | 1274278 | 1262234 | 11032 | |
| Haryana | 1054724 | 1043692 | 10703 | |
| Himachal Pradesh | 312118 | 307706 | 4209 | |
| Jammu and Kashmir | 479076 | 474132 | 4785 | |
| Jharkhand | 442321 | 436882 | 5330 | |
| Karnataka | 4063638 | 4020175 | 40281 | |
| Kerala | 6798925 | 6714368 | 71088 | |
| Ladakh | 29328 | 29078 | 231 | |
| Lakshadweep | 11415 | 11363 | 52 | |
| Maharashtra | 8119345 | 7967314 | 148329 | |
| Manipur | 139805 | 137635 | 2148 | |
| Meghalaya | 96663 | 94983 | 1622 | |
| Mizoram | 238304 | 237394 | 723 | |
| Madhya Pradesh | 1054227 | 1043299 | 10771 | |
| Nagaland | 35953 | 35164 | 781 | |
| Odisha | 1333168 | 1322649 | 9190 | |
| Puducherry | 174376 | 171957 | 1973 | |
| Punjab | 781877 | 763720 | 17913 | |
| Rajasthan | 1312925 | 1302604 | 9639 | |
| Sikkim | 44135 | 43561 | 496 | |
| Tamil Nadu | 3580439 | 3536998 | 38046 | |
| Telengana | 837405 | 832581 | 4111 | |
| Tripura | 107772 | 106814 | 938 | |
| Uttar Pradesh | 2125884 | 2101712 | 23619 | |
| Uttarakhand | 449146 | 440319 | 7750 | |
| West Bengal | 2113246 | 2088627 | 21496 | |

ആള് പത്തു തലയുള്ള രാവണനാണ്'- ടീച്ചറമ്മ ഡോ. അരുൺകുമാറിനെ വിളിച്ചു സംസാരിച്ചു. ഉടൻ തന്നെ രോഗിയുടെ രക്ത- ശ്രവ സാമ്പിളുകൾ മണിപ്പാലിലെ MCVR- ന് അയച്ചുകൊടുക്കാൻ ടീച്ചറമ്മ ഡോക്ടർമാർക്ക് നിർദ്ദേശവും നല്കി.

നേരം പരപരാന്ന് വെളുക്കുന്നതേയുള്ളൂ. ടീച്ചറമ്മ ഒന്നു തലചായ്ക്കാൻ ശ്രമിച്ചു. ഇല്ല, നിദ്രാദേവി അനുഗ്രഹിക്കുന്ന മട്ടില്ല. ടീച്ചറമ്മ സ്റ്റാഫംഗങ്ങളെ വിളിച്ചെഴുന്നേല്പിച്ചു. നമുക്ക് നേരെ പേരാമ്പ്രയിലെ രോഗിയുടെ വീട് സന്ദർശിക്കാം. സ്റ്റാഫംഗങ്ങളോടും ഡോക്ടർമാരോടും കൂടി ടീച്ചറമ്മ രോഗിയുടെ വീട് സന്ദർശിച്ചു. വീട്ടുകാരോട് സംസാരിച്ചപ്പോഴാണ് കുറച്ചു നാൾ മുമ്പ് വീട്ടുകാരെല്ലാം കൂടി മുറ്റത്തെ കിണർ വൃത്തിയാക്കിയ കാര്യം ടീച്ചറമ്മയുടെ ശ്രദ്ധയിൽപ്പെടുന്നത്.

ടീച്ചറമ്മ കിണറ്റിലേക്ക് വെറുതെയൊന്ന് എത്തിനോക്കി. ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഒരു കൂട്ടം വാവലുകൾ അതാ പറന്നു പൊന്തുന്നു. 'കിട്ടിപ്പോയി.... കിട്ടിപ്പോയി.... '- ടീച്ചറമ്മ മെഡിക്കൽ ജേണലുകൾ ഒന്നുകൂടി മറിച്ചു നോക്കിക്കൊണ്ട് ആരോടെന്നില്ലാതെ പറഞ്ഞു. 'ഇത് നിപ്പയല്ലാതെ മറ്റൊന്നുമല്ല'- ടീച്ചറമ്മ രോഗം ഉറപ്പിച്ചു.

നിപ്പ പ്രത്യക്ഷപ്പെട്ടത് അങ്ങ് മലേഷ്യയിലും ബംഗ്ലാദേശിലുമാണെന്ന് ക്ഷണനേരം കൊണ്ടോർത്തെടുത്ത ടീച്ചറമ്മ, അവിടുത്തെ ആരോഗ്യ അധികാരികളെ എത്രയും വേഗം കണക്ട് ചെയ്ത് രോഗത്തിന്റെ ട്രീറ്റ്മെൻറ് പ്രോട്ടോക്കോളിനെക്കുറിച്ചന്വേഷിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.

ടീച്ചറമ്മ വീണ്ടും ബേബി മെമ്മോറിയൽ ആശുപത്രിയിലേക്ക് പാഞ്ഞുചെന്നു. ഒരു മുഖാവരണം പോലുമില്ലാതെ രോഗികളെ പരിചരിക്കുന്ന ആരോഗ്യം പ്രവർത്തകരെ ടീച്ചറമ്മ വിലക്കി. 'നിങ്ങൾക്ക് ഒരു N-95 മാസ്ക് ധരിച്ചു കൂടെ'- ടീച്ചറമ്മ ചോദിച്ചു. N-95 മാസ്ക് സ്റ്റോക്കില്ല മാഡം'- ഒരാരോഗ്യ പ്രവർത്തക ഭവ്യതയോടെ പറഞ്ഞു. 'ശരി.... ആയിക്കോട്ടെ, നിങ്ങൾക്ക് ഒരു സർജിക്കൽ മാസ്ക്കെങ്കിലും ധരിക്കാമായിരുന്നല്ലോ?'-ടീച്ചറുടെ മറുചോദ്യം കേട്ട ആരോഗ്യ പ്രവർത്തക തല കുമ്പിട്ടുനിന്നു. ടീച്ചറമ്മ ഉടൻതന്നെ വിളിച്ച് N-95 മാസ്കും PPE Kit -കളും ആവശ്യത്തിന്, ഉടനടി, വാങ്ങിക്കൊള്ളാൻ നിർദ്ദേശം കൊടുത്തു.

'ഇത്തരം രോഗബാധയുണ്ടായാൽ നമ്മൾ ആദ്യം തന്നെ റിപ്പോർട്ട് ചെയ്യേണ്ട ചില സ്ഥാപനങ്ങളുണ്ട്'.- ടീച്ചറമ്മ ഓർമ്മിപ്പിച്ചു. ICMR, പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), WHO അഥവാ'ആര്' എന്നീ സ്ഥാപനങ്ങളിൽ രോഗത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകതയും ഉദ്യോഗസ്ഥർക്ക് ടീച്ചറമ്മ തന്നെ പറഞ്ഞു കൊടുക്കേണ്ടിവന്നു.

ലോകത്ത് ഒരു രോഗവും അന്നേവരെ റിപ്പോർട്ട് ചെയ്യാതിരുന്ന മൂന്ന് രാജ്യങ്ങളായിരുന്നു ക്യൂബയും കമ്യൂണിസ്റ്റ് ചൈനയും പിന്നെ ഉത്തര കൊറിയയും. ക്യൂബയിൽ ഫിദൽ കാസ്ട്രോയോട് ടീച്ചറമ്മക്ക് നല്ല അടുപ്പമായിരുന്നു. പക്ഷെ ഇപ്പോഴത്തെ ഭരണാധികാരിയായ കാസ്ട്രോയുടെ അനിയനോട് ടീച്ചറമ്മക്ക് വലിയ മമതയില്ല. മറ്റൊന്നും കൊണ്ടല്ല, അയാൾ കാസ്ട്രോയെപ്പോലെ ചുരുട്ട് വലിക്കാറില്ല. കേരളത്തിൽ ദിനേശ് ബീഡി പോലെയാണ് ക്യൂബയിൽ ചുരുട്ട്. അത് വലിക്കാത്തവൻ കമ്യൂണിസ്റ്റല്ല, ബൂർഷ്വായാണ്. ഏതായാലും ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ് -യും ഇത്തര കൊറിയൻ സുപ്രിം ലീഡർ കീംജോംങ് ഉൻ- നേയും വിളിച്ച് നിപ്പക്ക് മരുന്നയച്ചു തരുന്ന കാര്യമന്വേഷിക്കാൻ ടീച്ചറമ്മ കാര്യദർശിയോട് ആവശ്യപ്പെട്ടു. 'എനിക്ക് ചൈനീസും കൊറിയനുമാന്നുമറിയില്ല കാര്യദർശി കൈമലർത്തി. അവസാനം ടീച്ചറമ്മ തന്നെ അറിയാവുന്ന ചൈനീസ് ഭാഷയിൽ ഷി ജിൻപിങ്-നെ വിളിച്ചു. ടീച്ചറമ്മയുടെ ആവശ്യം കേട്ടപ്പോൾ കുറച്ചുനിപ്പാവൈറസ് കിട്ടുമോയെന്ന് ചോദിക്കുന്നുവെന്നാണ് ഷി ജിൻപിങ് തെറ്റിദ്ധരിച്ചത്. 'തരാമല്ലോ.. വുഹാനിലെ വൈറോളജി ലാബിൽ വിളിച്ചു പറഞ്ഞ് എത്ര വേണമെങ്കിലും തരാം. പക്ഷെ കേരളത്തിലെ കോൺഗ്രസ് കാരെ ഒന്നൊഴിയാതെ അതുകൊണ്ടങ്ങ് തീർത്തേക്കണം'.- ഷി ജിൻപിങ് -ന്റെ സംസാരം നീണ്ടുപോയപ്പോൾ ടീച്ചറമ്മ ഫോൺ കട്ടുചെയ്തു. ഉത്തര കൊറിയയുടെ കിം ജോങ്-നെ വിളിച്ചപ്പോഴാണ് ടീച്ചറമ്മ ആകെ പെട്ടുപോയത്. 'ഫ്രൂട്ട് ബാറ്റ്'- ആണ് കേരളത്തിൽ നിപ്പാ വൈറസ് പരത്തിയതെന്ന് കേൾക്കേണ്ട താമസം, ഒരു കണ്ടെനർ നിറയെ 'പഴംതീനി വാവലിനെ' ഉത്തര കൊറിയയിലേക്ക് കയറ്റി അയക്കാമോ എന്നായിരുന്നു കിം ജോങ് - ന്റെ ആവശ്യം. ഫ്രൈ ചെയ്ത വാവൽ സൂപ്പ് കുടിച്ച കാലം മൂപ്പർ മറന്നത്രേ! കൂട്ടത്തിൽ, സ്കോച്ച് വിസ്കിയിലിട്ടു കുടിക്കാൻ കുറച്ച് മൂർഖൻ പാമ്പിനെക്കൂടി കിട്ടുമോന്നായി മൂപ്പർ. 'I will call u later"-എന്നൊരു വിധത്തിൽ പറഞ്ഞൊപ്പിച്ച് ഫോൺ കട്ടുചെയ്തുകളഞ്ഞു ടീച്ചറമ്മ. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്ന് മരുന്നു കിട്ടില്ലെന്നുറപ്പായി നിരാശയിലായിരിക്കുമ്പോഴാണ് മുതലാളിത്ത രാജ്യമായ ആസ്ട്രേലിയയിലുൽപ്പാദിപ്പിക്കുന്ന Ribavirin മരുന്ന് നിപ്പാ രോഗ ചികിത്സക്ക് ഫലപ്രദമാണെന്ന് ടീച്ചറമ്മ അറിയുന്നത്. ഇന്ത്യാ ജപ്പാൻ അച്ചുതണ്ടിൽ ഉൾപ്പെട്ട ഒരു രാജ്യമെന്ന നിലക്ക് കമ്യൂണിസ്റ്റുകാർക്ക് ആസ്ട്രേലിയയെക്കുറിച്ച് ഒരക്ഷരം മിണ്ടാൻ പാടില്ലെങ്കിലും കേരളത്തിലെ ജനങ്ങളുടെ നന്മക്കായി മരുന്നെത്തിച്ചു തരാൻ ടീച്ചറമ്മ ആസ്ട്രേലിയൻ അങ്ങത്തെയോട് നേരിട്ടഭ്യർത്ഥിക്കുകയായിരുന്നു.

*ലോകത്ത് ഒരു രോഗവും അന്നേവരെ റിപ്പോർട്ട് ചെയ്യാതിരുന്ന മൂന്ന് രാജ്യങ്ങളായിരുന്നു ക്യൂബയും കമ്യൂണിസ്റ്റ് ചൈനയും പിന്നെ ഉത്തര കൊറിയയും. ക്യൂബയിൽ ഫിദൽ കാസ്ട്രോയോട് ടീച്ചറമ്മക്ക് നല്ല അടുപ്പമായിരുന്നു.*

പിന്നെയങ്ങോട്ട് ടീച്ചറമ്മക്ക് വിശ്രമമില്ലാത്ത നാളുകളായിരുന്നു. ദിവസേന പലവട്ടമുള്ള മീറ്റിംഗ്, കൂട്ടത്തിൽ കുറഞ്ഞത് അഞ്ചു തവണയുള്ള പത്ര സമ്മേളനം, അങ്ങനെ ടീച്ചറമ്മയുടെ കഷ്ടപ്പാടുകൾ വർണ്ണനാതീതമായിരുന്നു.

അങ്ങനെ, അവസാനം, നിപ്പ വരുതിയിലായി. ഇക്കാര്യത്തിൽ ബേബി മെമ്മോറിയൽ ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നോ, നഴ്സുമാരും ക്ലീനിംഗ് സ്റ്റാഫുമുൾപ്പെട്ട മറ്റാരോഗ്യ പ്രവർത്തകരിൽ നിന്നോ ഒരു ചെറുവിരൽ സഹായം ടീച്ചറമ്മക്ക് കിട്ടിയിരുന്നില്ല.


ഇങ്ങനെ, കേരളത്തിൽ നിപ്പയെ നിയന്ത്രിക്കാൻ ഒറ്റക്ക് പോരാടിയ ടീച്ചറമ്മക്ക് കിട്ടിയ അവാർഡാണ് സഖാക്കളെ നിങ്ങൾ നിഷ്ക്കരുണം പുറം കാൽകൊണ്ട് തട്ടിക്കളഞ്ഞത്. നിങ്ങൾക്ക് കാലം മാപ്പു തരില്ല. തീർച്ച ...





അജിത് വെണ്ണിയൂർ

# ദേശീയപ്രസ്ഥാനത്തിൽ കേരളത്തെ കൂട്ടിയിണക്കിയ **ഗാന്ധിസ്പർശം**



'**സ**ത്യം എല്ലായ്പ്പൊഴും കെട്ടുകഥകളേക്കാൾ അത്ഭുതകരമാണ് “stranger than fiction" എന്ന ആംഗലകവി ജോർജ് ഗോർഡൻ ബൈറന്റെ വീക്ഷണം ഒരു പരിധിവരെ ശരിവയ്ക്കുന്നതാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം - ലോകചരിത്രത്തിൽ തന്നെ വേറിട്ടൊരു അദ്ധ്യായം. ത്യാഗനിർഭരമായ സഹനസമരത്തിലൂടെ മോചനം നേടിയ മറ്റൊരു രാഷ്ട്രം കണ്ടെത്തുക പ്രയാസം. അതിനുമപ്പുറം ഒട്ടേറെ സവിശേഷതകളുണ്ട് ഈ സമര പരമ്പരകൾക്ക്.

നാമിപ്പോൾ ആ ചരിത്രവിജയത്തിന്റെ എഴുപത്തഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. പല കാരണങ്ങളാൽ അത്യധികം ഉൽക്കണ്ഠ നിറഞ്ഞ കാലഘട്ടത്തിലാണ് നാമിത് കൊണ്ടാടുന്നത്. എന്നാൽ ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ ഒരു കാര്യത്തിൽ തീർച്ചയായും നമുക്ക് അഭിമാനിക്കാം. അനേകാണ്ടുകൾ നീണ്ട പാരതന്ത്ര്യത്തിൽ സർവ സ്വത്വവും നഷ്ടപ്പെട്ട ഭാരതത്തെപ്പോലൊരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത്രയുംനാൾ സ്വാതന്ത്ര്യം നിലനിർത്താനും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന പദവിയിലേക്ക് ഉയരാനും കഴിയുന്നുവെന്നത് വലിയൊരു നേട്ടം തന്നെയാണ്. നമുക്കൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും പട്ടാളഭരണത്തിലേക്കും ഏകാധിപത്യത്തിലേക്കും വംശാധിപത്യത്തിലേക്കും പട്ടിണിയിലേക്കുമൊക്കെ വഴുതിവീണപ്പോഴും ജനാധിപത്യത്തിന്റെ ദീപശിഖ കെടാതെ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിഞ്ഞു.

രാജ്യത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ കേരളത്തിലും ചെറുതും വലുതുമായ അത്തരം അനേകം ചെറുത്തുനിൽപ്പുകളുടെയും പോരാട്ടങ്ങളുടെയും സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളുടെയും അകമ്പടിയോടെയാണ് പരമാധികാരത്തിലേക്ക് നാം നടന്നുകയറിയത്.

ചില നാട്ടുരാജങ്ങൾ വാണിജ്യതാത്പരത്തോടെ വിദേശികളെ സ്വീകരിച്ചുവെങ്കിലും ദീർഘദർശികളും രാജ്യസ്നേഹികളുമായ അനേകംപേർ അന്നുതന്നെ അധിനിവേശത്തെ ചെറുക്കുകയും എതിർക്കുകയും ചെയ്തിരുന്നു.

### *മലബാറിൽ*

മലബാറിൽ പഴശ്ശിരാജ, കൊച്ചിയിൽ പാലിയത്ത് അച്ചൻ, തിരുവിതാംകൂറിൽ വേലുത്തമ്പി ദളവ-ഇങ്ങനെ ഇന്നത്തെ കേരളത്തിന്റെ മൂന്ന് മുഖ്യപ്രവിശ്യകളിലും രൂപംകൊണ്ട അസാമാന്യമായ നേതൃത്വം ധീരോദാത്തമായ സ്വാതന്ത്ര്യപോരാട്ടത്തിന്റെ തീപ്പന്തങ്ങളായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ആദ്യമായി പടവാളുയർത്തിയ പഴശ്ശിരാജയേയും സ്വാതന്ത്ര്യത്തിന്റെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കപ്പെടുന്ന കുണ്ടറവിളംബരത്തേയും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കാണാൻ ചരിത്രകാരന്മാർ മടിച്ചുനിന്നു എന്നത് വിരോധാഭാസമായി തോന്നാം.

1600 മുതൽ 1885 വരെയുള്ള കാലഘട്ടം രാജത്തിന്റെ മറ്റു പ്രവിശ്യകളെ അപേക്ഷിച്ച് കേരളത്തിൽ ഏറെ നിർണായകമായിരുന്നുവെന്ന് ചരിത്രകാരന്മാർ വിലയിരുത്തിയിട്ടുണ്ട്. കച്ചവടത്തിനായി കടൽ കടന്നെത്തിയവർ വിഭവങ്ങളുടേയും അധികാരത്തിന്റെയും കലവറകൾ ഒന്നൊന്നായി കവർന്നെടുത്തു. ഇംഗ്ലീഷ് വിദ്യാഭ്യാസവും ആധുനിക ശാസ്ത്രവും അതിന് ശക്തമായ അടിത്തറയൊരുക്കി.

> **“**
>
> ***ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലേക്കു വന്നതോടെ അതുവരെ നടന്നുവന്ന സ്വാതന്ത്ര്യസമരങ്ങൾക്ക് പുതിയൊരു രൂപവും ഭാവവും കൈവന്നു. സ്വാഭാവികമായും അത് കേരളത്തിലും പ്രതിഫലിച്ചു.***

### *തിരുവിതാംകൂറിൽ*

തിരുവിതാംകൂറിൽ രൂക്ഷമായിരുന്ന ജാതി വേർതിരിവുകളും കൊച്ചിഭാഗത്ത് വ്യാപകമായിരുന്ന അടിമത്തവ്യവസ്ഥയും അധിനിവേശക്കാരുടെ ആധിപത്യമോഹങ്ങളെ പ്രലോഭിപ്പിച്ചു. രാജാക്കന്മാരും റസിഡന്റുമാരും തമ്മിലുള്ള അഭിപ്രായഭിന്നതകൾ, നാട്ടുപ്രഭുക്കന്മാർ തമ്മിലുള്ള പോരാട്ടങ്ങൾ, ജന്മി-കുടിയാൻ സമ്പ്രദായത്തിന്റെ പ്രത്യാഘാതങ്ങൾ എന്നിങ്ങനെ അധിനിവേശത്തെ ഉത്തേജിപ്പിച്ച ഘടകങ്ങൾ വേറെയും ധാരാളം. മതപരിവർത്തനം, സ്ഥാനമാനങ്ങൾ, തൊഴിൽ, സമ്പത്ത് എന്നിവയിലൂടെ അനുയായികളുടെ നിര നീട്ടാൻ സാമ്രാജത്വ ശക്തികൾ പ്രയോഗിച്ച തന്ത്രങ്ങൾ അനവധിയായിരുന്നു..

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം ഏറ്റവും ഫലപ്രദമായി പരീക്ഷിക്കാൻ കഴിയുന്ന ഭൂവിഭാഗം മലയാളനാടാണെന്ന് വിദേശികൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഘടിച്ചു നിന്ന മലയാളികളെ ജാതിയുടെയും മതത്തിന്റെയും ആചാരങ്ങളുടെയും മിഥ്യാഭിമാനത്തിന്റേയുമൊക്കെ ആയുധമുപയോഗിച്ച് തമ്മിലടിപ്പിക്കാനും അതുവഴി മുതലെടുക്കാനും സാമ്രാജ്യത്വശക്തികൾ ആവുന്നത്ര ശ്രമിച്ചു.

എന്നാൽ ഇന്ത്യൻ ദേശീയപ്രസ്ഥാനം ശക്തിപ്രാപിച്ചുതുടങ്ങിയതോടെ അത്തരം ശ്രമങ്ങൾക്ക് തിരിച്ചടിയുണ്ടായിത്തുടങ്ങി. 1885 ഡിസംബർ 28-ാം തീയതി ബോംബെയിൽ ചേർന്ന സമ്മേളനമാണല്ലോ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ജന്മം നൽകിയത്. ആ സമ്മേളനത്തിൽ പങ്കെടുത്ത 72 പ്രതിനിധികളിൽ തിരുവനന്തപുരത്ത് നിന്നുള്ള കേശവപിള്ളയും ഉണ്ടായിരുന്നു എന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു.

### *വേരുപിടിച്ച ദേശീയ പ്രസ്ഥാനം*

വിഘടിച്ചുനിന്ന തിരുവിതാംകൂർ കൊച്ചി മലബാർ മേഖലകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവം ഒരു പുതിയ ചൈതന്യം പകർന്നു. വിദേശീയരുടെ വിഘടനതന്ത്രങ്ങളെ അതിജീവിച്ച് ദേശീയ പ്രസ്ഥാനം ഇവിടെ വേരുപിടിച്ചു. ഈ മൂന്നു മേഖലകളിലും സാമൂഹികവും ദേശീയവുമായ ഐക്യത്തിന്റെ വളർച്ച ഏതാണ്ട് ഒരുപോലെ മുന്നേറിക്കൊണ്ടിരുന്നു എന്ന് ചരിത്രം വെളിപ്പെടുത്തുന്നു.

ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലേക്കു വന്നതോടെ അതുവരെ നടന്നുവന്ന സ്വാതന്ത്ര്യസമരങ്ങൾക്ക് പുതിയൊരു രൂപവും ഭാവവും കൈവന്നു. സ്വാഭാവികമായും അത് കേരളത്തിലും പ്രതിഫലിച്ചു.

1920-ലെ നാഗപ്പൂർ കോൺഗ്രസ് ഒരു വഴിത്തിരിവായിരുന്നു. ഗാന്ധിജിയുടെ നിർദേശപ്രകാരം നിസഹകരണപ്രസ്ഥാനം ആരംഭിക്കാനും ബ്രിട്ടീഷ് ഇന്ത്യയിലേതുപോലെ ഭാഷാടിസ്ഥാനത്തിൽ നാട്ടുരാജ്യങ്ങളിലും കോൺഗ്രസിന്റെ സംഘടനാപ്രവർത്തനം തുടങ്ങാനും കോൺഗ്രസ് തീരുമാനിച്ചു. അക്കൊല്ലം തന്നെ ബാരിസ്റ്റർ എ.കെ.പിള്ള സെക്രട്ടറിയായി തിരുവനന്തപുരത്ത് കോൺഗ്രസിന്റെ ശാഖ സ്ഥാപിച്ചു. ഇതേസമയം കൊച്ചിയിലും മലബാറിലും ശാഖകൾ രൂപീകൃതമായി.

### *ചരിത്രം തിരുത്തിയ രാഷ്ട്രീയ സമ്മേളനം*

1931 മെയ് 3,4,5 തീയതികളിൽ വടകരയിൽ ചേർന്ന സംസ്ഥാന രാഷ്ട്രീയ സമ്മേളനമാണ് ക്ഷേത്രങ്ങൾ എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്ന് പ്രമേയത്തിലൂടെ ആദ്യമായി ആവശ്യപ്പെട്ടത്. ഗുരുവായൂർ സത്യാഗ്രഹത്തിന് പ്രചോദനം നൽകിയത് ഈ സമ്മേളനമായിരുന്നു. ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനാനുവാദം ആവശ്യപ്പെട്ട് നവംബർ ഒന്നുമുതൽ ഗുരുവായൂർ ക്ഷേത്രനടയിൽ സത്യാഗ്രഹം തുടങ്ങി. സെപ്തംബർ 25-ാം തീയതി മലബാറിലെ ക്ഷേത്രപ്രവേശനദിനമായി ആചരിച്ചു.

1931 ആഗസ്റ്റ് 22, 23 തീയതികളിൽ തലശേരിയിൽ നടന്ന ദേശീയ മുസ്ലിങ്ങളുടെ സമ്മേളനം കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഒരു സുപ്രധാന സംഭവമായി മാറി. അബ്ദുൾ റഹ്മാൻ സാഹിബും മൊയ്തു മൗലവിയും മുൻകൈയെടുത്ത് നടത്തിയ സമ്മേളനം മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിന് പിന്തുണ പ്രഖ്യാപിക്കുകയും സമരപ്രതിജ്ഞ കൈക്കൊള്ളുകയും ചെയ്തു. 1938 ഡിസംബർ 23-ന് പൊലീസിനേയും പട്ടാളത്തേയും അതിജീവിച്ച് തിരുവ



നന്തപുരത്തെ വട്ടിയൂർക്കാവിൽ നടത്തിയ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം തിരുവിതാംകൂറിൽ സമരാവേശം ആളിക്കത്തിച്ചു.

### *പൂർണസ്വരാജ് പ്രമേയം*

കേരളത്തിൽ ദേശീയപ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ഒന്നായിരുന്നു കണ്ണൂർ ജില്ലയിലെ പയ്യന്നൂർ. 1928–ൽ സൈമൺ കമ്മീഷനെതിരെ നടന്ന പ്രക്ഷോഭങ്ങളിലൂടെയാണ് സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് പയ്യന്നൂർ എടുത്തുചാടിയത്. മൊയ്യാരത്ത് ശങ്കരൻ, എ ലക്ഷ്മണ ഷേണായ്, സുബ്രഹ്മണ്യൻ തിരുമുമ്പ് തുടങ്ങിയവരായിരുന്നു സൈമൺ ഗോബാക്ക്; സമരത്തിന്റെ മുൻനിരയിൽ നിന്ന് ബ്രിട്ടീഷ് ഭരണകൂടത്തെ വിറപ്പിച്ചത്. നെഹ്രുവിന്റെ അധ്യക്ഷതയിൽ പയ്യന്നൂരിൽ ഓൾ കേരള പൊളിറ്റിക്കൽ കോൺഫറൻസ് നടന്നതും അക്കൊല്ലമാണ്. ഈ സമ്മേളനത്തിലാണ് പൂർണസ്വരാജ് ആവശ്യപ്പെട്ടുള്ള പ്രമേയം പാസാക്കിയത്. 1930 –ൽ കേരളഗാന്ധി എന്നറിയപ്പെട്ടിരുന്ന കെ.കേളപ്പന്റെ നേതൃത്വത്തിൽ നിയമ ലംഘനത്തിന് പയ്യന്നൂർ വേദിയായി. കോഴിക്കോടുനിന്ന് പയ്യന്നൂരിലേക്ക് 33 സത്യഗ്രഹികളുമായി കേളപ്പജി നയിച്ച ഉപ്പു സത്യഗ്രഹയാത്ര സമരാവേശം ആളിക്കത്തിച്ചു. രാമന്തളിയിലെ പൂച്ചാൽ കടപ്പുറത്താണ് ഉപ്പു കുറുക്കൽ നടത്തിയത്. 'രണ്ടാം ബർദ്ദോളി' എന്നാണ് എസ്.എ ബാരേൽവി തന്റെ പത്രമായ 'ബോംബെ ക്രോണിക്കി'ളിൽ പയ്യന്നൂരിനെ വിശേഷിപ്പിച്ചത്.

1932–ൽ കൊടുങ്ങല്ലൂരിൽ നടന്ന കർഷകത്തൊഴിലാളി സമ്മേളനം തൊഴിലാളി സംഘടനകളെ ദേശീയപ്രസ്ഥാനത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. 1936–ൽ ടി.കെ.നായരുടെ നേതൃത്വത്തിൽ രൂപംകൊണ്ട കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസ്, അഖിലേന്ത്യാ കോൺഗ്രസുമായി ബന്ധമില്ലായിരുന്നുവെങ്കിലും ഉത്തരവാദ ഭരണത്തിനുവേണ്ടിയുള്ള പോരാട്ടത്തിലൂടെ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ നല്ലൊരു പങ്കുവഹിച്ചു. വി.ആർ.കൃഷ്ണനെഴുത്തച്ഛന്റെ നേതൃത്വത്തിൽ 1941–ൽ തൃശൂരിൽ രൂപംകൊണ്ട കൊച്ചി രാജപ്രജാമണ്ഡലവും തുടർന്ന് രൂപീകൃതമായ കൊച്ചി കർഷകസഭയും നിർണായക ശക്തിയായി മാറി.

***മലയാളികൾ അന്നോളം അനുഭവിച്ചറിയാത്ത ഒരു അനുഭൂതിയായിരുന്നു ഗാന്ധിജിയുടെ സന്ദർശനം. എളിമയും മൂർച്ചയും ഇഴചേർന്ന ആ ഇതിഹാസ മനുഷ്യനെ തൊട്ടടുത്തുനിന്ന് കാണാൻ മലയാളികൾക്ക് കഴിഞ്ഞ അപൂർവനിമിഷങ്ങളായിരുന്നു അത്.***

### *ഗാന്ധിജിയുടെ കേരള പര്യടനങ്ങൾ*

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ ഭൂമിശാസ്ത്രപരമായും ഭരണപരമായും ഒരു പരിധിവരെ വൈകാരികമായും ഭിന്നിച്ചുനിന്നിരുന്ന മലയാളക്കരയെ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ കൂട്ടിയിണക്കിയ മുഖ്യ ഘടകങ്ങളിലൊന്ന് ഗാന്ധിജിയുടെ കേരള പര്യടനങ്ങളാണ്

തിരക്കിട്ട പ്രവർത്തനങ്ങൾക്കും പ്രക്ഷോഭങ്ങൾക്കുമിടയിലും അഞ്ചുതവണ അദ്ദേഹം കേരളം സന്ദർശിച്ചു – 1920, 1925, 1927, 1934, 1937 എന്നീ വർഷങ്ങളിലായിരുന്നു അത് . എല്ലാം ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായ സാമൂഹികപ്രശ്നങ്ങളും പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടായിരുന്നു. കേരളത്തിലെ ആദ്യസന്ദർശനം മലബാറിലായിരുന്നു. ഏറ്റവും ഹ്രസ്വമായ സന്ദർശനം. ഒരേ ഒരു ദിവസം.

നിസ്സഹകരണപ്രസ്ഥാനത്തിന്റെ മാസ്മരികസന്ദേശവുമായി 1920 ആഗസ്റ്റ് 18 ഉച്ചയ്ക്ക് 2.30 ന് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ തീവണ്ടിയിറങ്ങിയ മഹാത്മാഗാന്ധിക്ക് അതീവ ഹൃദ്യമായ വരവേല്പാണ് ലഭിച്ചത്. ആയിരക്കണക്കിനാളുകൾ അദ്ദേഹത്തെ സ്വീകരിക്കാൻ സ്റ്റേഷനിലെത്തി. ഘോഷയാത്രയുടെ അകമ്പടിയോടെയാണ് അദ്ദേഹത്തെ വാസസ്ഥാനത്തേക്കും സമ്മേളന സ്ഥലത്തേക്കും ആനയിച്ചത്. മലയാളികൾ അന്നോളം അനുഭവിച്ചറിയാത്ത ഒരു അനുഭൂതിയായിരുന്നു ഗാന്ധിജിയുടെ സന്ദർശനം. എളിമയും മൂർച്ചയും ഇഴചേർന്ന ആ ഇതിഹാസ മനുഷ്യനെ തൊട്ടടുത്തുനിന്ന് കാണാൻ മലയാളികൾക്ക് കഴിഞ്ഞ അപൂർവനിമിഷങ്ങളായിരുന്നു അത്.

ഉച്ചയ്ക്കു ശേഷം അഞ്ഞൂറോളം പേർ പങ്കെടുത്ത നേതൃയോഗത്തിലും വൈകിട്ട് 6.30 ന് കോഴിക്കോട് കടപ്പുറത്ത് പൊതുസമ്മേളനത്തിലും അദ്ദേഹം പ്രസംഗിച്ചു. കെ.മാധവൻ നായരാണ് ഗാന്ധിജിയുടെ പ്രസംഗം പരിഭാഷപ്പെടുത്തിയത്. പ്രസംഗം കേൾക്കാനായി ഏറനാട്, പാലക്കാട്, വയനാട്, കണ്ണൂർ, വടകര എന്നിവിടങ്ങളിൽ നിന്നു ഇരുപതിനായിരത്തോളം ആളുകൾ കടപ്പുറത്ത് തടിച്ചു കൂടി.

നിസ്സഹകരണത്തിന്റെ സത്തയും അഹിംസയുടെ ശക്തിയും ഊട്ടിയുറപ്പിച്ച പ്രഖ്യാതമായ പ്രസംഗത്തിൽ സർക്കാരിന്റെ ശക്തിയോട് എതിരിടാൻ രണ്ട് മന്ത്രങ്ങളാണ് ഗാന്ധിജി സ്വാതന്ത്ര്യസമരഭടന്മാരോട് ഉപദേശിച്ചത്. ഒന്ന് പരിപൂർണ്ണമായ അക്രമ



രാഹിത്യം, രണ്ട് ആത്മത്യാഗം.

കേരളത്തിൽ, പ്രത്യേകിച്ചും മലബാറിൽ, ദേശീയ പ്രസ്ഥാനത്തിൽ നിന്നകന്നുനിന്ന ചില പ്രസ്ഥാനങ്ങളെയും പല പ്രമുഖ വ്യക്തികളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഒരു മണിക്കൂർ നീണ്ട ഒരൊറ്റ പ്രസംഗത്തിലൂടെ ഗാന്ധിജിക്ക് കഴിഞ്ഞു എന്നുപറഞ്ഞാൽ ആ മാന്ത്രികസിദ്ധി വ്യക്തമാകുമല്ലോ. പിറ്റേന്ന്, 1920 ഓഗസ്ററ് 19 ാംതിയതി അദ്ദേഹം മംഗലാപുരത്തേക്ക് യാത്ര തിരിച്ചു.

### *സത്യഗ്രഹ സമരശക്തിയുടെ മാറ്റുരച്ച പ്രക്ഷോഭം*

ഗാന്ധിജിയുടെ രണ്ടാമത്തെ കേരളസന്ദർശനം മുഖ്യമായും വൈക്കംസത്യാഗ്രഹത്തിന്റെ വിജയം ലക്ഷ്യമാക്കിയായിരുന്നു. സാമാന്യം ദീർഘമായ യാത്ര. ഗാന്ധിജിയുടെ ഉപദേശ, ആശീർവാദങ്ങളോടെ 1924 ഏപ്രിൽ ഒന്നിന് ആരംഭിച്ച സത്യഗ്രഹം ഒന്നാം വർഷത്തിലേക്കു കടക്കുന്ന വേളയിലായിരുന്നു അത്. 1925 മാർച്ച് എട്ടിന് എറണാകുളത്തെത്തിയ അദ്ദേഹം 10 ന് സത്യഗ്രഹാശ്രമം സന്ദർശിച്ചു. ഗാന്ധിജിയുടെ മാർഗനിർദ്ദേശത്തിലായിരുന്നു സത്യഗ്രഹത്തിന്റെ ഓരോ ഘട്ടവും രൂപകല്പന ചെയ്തത്. വൈക്കം സമരത്തെ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിലുൾപ്പെടുത്തുകയും ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രചാരം നൽകുകയും ചെയ്തു.

ആ യാത്രയിൽ ശ്രീനാരായണ ഗുരുവിനെയും തിരുവിതാംകൂർ മഹാരാജാവിനെയും റാണിയെയും സവർണ്ണവിഭാഗം നേതാക്കളെയും അദ്ദേഹം നേരിൽകണ്ട് ചർച്ച നടത്തി. സത്യഗ്രഹ സമരശക്തിയുടെ മാറ്റുരച്ച ഈ പ്രക്ഷോഭം വിജയത്തിലെത്തിക്കുക എന്നത് സ്വന്തം ദൗത്യമായി ഏറ്റെടുത്ത ഗാന്ധിജി സവർണ്ണ ഹിന്ദുവിഭാഗങ്ങളിൽപ്പെട്ട സ്വാതന്ത്ര്യസമരസേനാനികളെ നേതൃനിരയിൽ നിർത്തിയാണ് പോരാട്ടത്തിന് സവിശേഷ മഹത്വം സമ്മാനിച്ചത്. ആ തന്ത്രം വിജയിക്കുകയും ചെയ്തു.

ഖാദിപ്രചാരണം ലക്ഷ്യമാക്കിയായിരുന്നു ഗാന്ധിജിയുടെ മൂന്നാമത്തെ കേരളസന്ദർശനം. 1927 ഒക്ടോബർ 9 മുതൽ 25 വരെ. ഈ യാത്രയിലെ യോഗങ്ങളിലെല്ലാം അയിത്തത്തെയും മദ്യത്തെയും ഉന്മൂലനം ചെയ്യേണ്ടതിന്റെ ആവശ്യകത ഗാന്ധിജി ആവർത്തിച്ചുകൊണ്ടിരുന്നു.

### *മലയാളികൾക്ക് അതുചെയ്യാൻ കഴിഞ്ഞാൽ*

നാലാമത്തെ സന്ദർശനം അയിത്തത്തിനും അവർണരുടെ അവശതകൾക്കുമെതിരായ പ്രചരണത്തിനായിരുന്നു 1934 ജനുവരി 10 മുതല് 22 വരെ. മലയാളികളെക്കുറിച്ച് ഗാന്ധിജിക്കുള്ള പ്രതീക്ഷയും വിശ്വാസവും വ്യക്തമാക്കുന്നതായിരുന്നു , പാലക്കാട് ചെയ്ത ആദ്യപ്രസംഗം. അരമണിക്കൂർ നീണ്ട പ്രസംഗത്തിനൊടുവിൽ അദ്ദേഹം പറഞ്ഞു: 'അയിത്തത്തെ നാട്ടിൽ നിന്ന് ഉന്മൂലനം ചെയ്യുന്നതിന് മുൻകൈയെടുക്കാൻ ഞാൻ മലബാറിനോട് ആവശ്യപ്പെടുന്നു. ഇന്ത്യ മുഴുവൻ നിങ്ങളെ പിന്തുടരും'. മലയാളികൾക്ക് അതുചെയ്യാൻ

കഴിഞ്ഞാൽ'

ഈ യാത്രാവേളയിലാണ് കൗമുദി, അന്നപൂർണ എന്നീ പെൺകുട്ടികൾ തങ്ങളുടെ സ്വർണാഭരണങ്ങൾ യാതൊരു പരപ്രേരണയുമില്ലാതെ ഗാന്ധിജിയുടെ ഹരിജൻഫണ്ടിലേക്ക് സമ്മാനിച്ചത്. ഇതിനെ ഓർത്തുകൊണ്ട് 1934 ജനുവരി 13-ന് കോഴിക്കോട്ടു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

'ഈ രണ്ടുപേരുടെയും പ്രവൃത്തികൾ മാതൃകയായി എടുക്കാവുന്നവയാണ്. മലയാളി മഹിളകൾക്ക് ഏറ്റവും ഭൂഷണമായി എനിക്കു തോന്നുന്ന ഒരു കാര്യം അവർക്ക് ലളിതജീവിതത്തോടുള്ള പ്രിയമാണ്. അവരോളം ലളിതജീവിതം ഇഷ്ടപ്പെടുന്ന മഹിളകൾ ലോകത്തിൽ എന്റെ അറിവിൽപെട്ടിടത്തോളം വേറെയില്ല'

### *തീർത്ഥയാത്ര*

അവസാനത്തെ സന്ദർശനം ക്ഷേത്രപ്രവേശനവിളംബരത്തെ തുടർന്നുള്ള വിജയാഘോഷങ്ങൾക്കിടയിലായിരുന്നു. തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഹരിജനങ്ങളും ഒട്ടനേകം സ്വാതന്ത്ര്യസമരസേനാനികളുമായി പ്രവേശിച്ചുകൊണ്ടാണ് അദ്ദേഹം ഒടുവിലത്തെ തീർത്ഥയാത്രയ്ക്ക് തുടക്കം കുറിച്ചത്. തിരുവിതാംകൂറിലെ നിരവധി ക്ഷേത്രങ്ങളിൽ ഗാന്ധിജി അയിത്തജാതിക്കാരോടൊപ്പം പ്രവേശിച്ചു. അവരുടെ ആഹ്ളാദത്തിൽ പങ്കുചേർന്നു. ഈ യാത്രയ്ക്കിടയിലാണ് അയ്യങ്കാളിയെ അദ്ദേഹത്തിന്റെ ജന്മനാടായ വെങ്ങാനൂരിൽ പോയി ഗാന്ധിജി കണ്ടത്.

നിരവധി യോഗങ്ങളിൽ പ്രസംഗിച്ച അദ്ദേഹം ആ തീർത്ഥാടനത്തിന്റെ ഒടുവിൽ പറഞ്ഞു. 'മുമ്പൊരിക്കലും സ്വപ്നം കാണാത്ത ആധ്യാത്മികനിധികൾ കൈവശംവച്ചുകൊണ്ടാണ് ഞാൻ മടങ്ങിപ്പോകുന്നത്'.1937 ജനുവരി 12 മുതൽ 19 വരെ നടത്തിയ ആ യാത്രയെ അദ്ദേഹം തീർഥയാത്ര എന്നാണ് വിശേഷിപ്പിച്ചത്. മലയാളനാട്ടിൽ നിസ്സഹകരണ പ്രസ്ഥാനത്തിനും അയിത്തത്തിനെതിരായ പോരാട്ടങ്ങൾക്കും അടിത്തറയിട്ട ഗാന്ധിജിയുടെ സന്ദർശനങ്ങൾ, പ്രഥമ സന്ദർശനത്തിന്റെ ഈ നൂറാം വർഷത്തിലും ചരിത്രവിസ്മയമായിത്തന്നെ നിലകൊള്ളുന്നു

ക്വിറ്റ് ഇന്ത്യാ സമരത്തിലും കേരളം ഒട്ടും പിന്നിലായിരുന്നില്ല. എല്ലാ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും പ്രകടനങ്ങളും ഹർത്താലും നടന്നു. കൊച്ചിയിൽ ആദ്യമായി അറസ്റ്റു ചെയ്തത് വി.ആർ കൃഷ്ണൻഎഴുത്തച്ഛനെയായിരുന്നു. മലബാറിലും തിരുവിതാംകൂറിലും അനവധി നേതാക്കൾ ജയിലിലായി. ഈ സമരത്തിൽ കമ്മ്യൂണിസ്റ്റുകാരും മുസ്ലിംലീഗും ബ്രിട്ടീഷുകാർക്ക് സഹായകമായ നിലപാട് എടുത്തത് തുടക്കത്തിൽ ആശങ്കകൾക്കിടയാക്കി.

1941 ജൂൺ 22-ന് കരാറിനു വിരുദ്ധമായി നാസിപ്പട സോവിയറ്റ് യൂണിയനെ ആക്രമിച്ചതോടെ അന്നോളം സാമ്രാജ്യത്വശക്തിയെന്ന് വിശേഷിപ്പിച്ചിരുന്ന സഖ്യകക്ഷികളുമായി യോജിച്ച് ഹിറ്റ്ലർക്കെതിരെ പോരാടാൻ സോവിയറ്റ് യൂണിയൻ തയ്യാറായി. അങ്ങനെ കമ്യൂണിസ്റ്റ് ദൃഷ്ടിയിൽ രണ്ടാം ലോകമഹായുദ്ധം ജനകീയസമരമായി മാറുകയും ഇന്ത്യൻ സ്വാതന്ത്ര്യസമരം നിർത്തിവച്ചുപോലും അച്ചുതണ്ടുശക്തികളെ നശിപ്പിക്കാൻ സഖ്യകക്ഷികളെ സഹായിക്കണമെന്ന് കോൺഗ്രസിനുള്ളിലെ കമ്യൂണിസ്റ്റുകാർ ആവശ്യപ്പെടുകയും ചെയ്തു.

കമ്യൂണിസ്റ്റുകാർ വിട്ടുനിന്നുവെങ്കിലും കേരളത്തിലുടനീളം ശക്തമായ പ്രക്ഷോഭം നടന്നു. എ.ആർ.മേനോൻ, ഇക്കണ്ട വാര്യർ, പനമ്പള്ളി ഗോവിന്ദ മേനോൻ, സി.ആർ.ഇയ്യുണ്ണി, പുത്തൂർ അച്ച്യുതമേനോൻ തുടങ്ങിയവർ നിയമസഭാംഗത്വം രാജിവച്ചാണ് സമരത്തിനിറങ്ങിയത്. ജി.രവീന്ദ്രവർമ, എൻ.ഡി.ജോസ്, കെ.ബാലകൃഷ്ണൻ, പെരുന്ന കെ.എൻ.നായർ, കാമ്പിശേരി കരുണാകരൻ, കുമരകം ശങ്കുണ്ണി മേനോൻ, കെ.കേളപ്പൻ,ജി.രാമചന്ദ്രൻ തുടങ്ങിയവർ സമരങ്ങളുടെ നേതൃനിരയിലുണ്ടായിരുന്നു.

### *ആവേശം പകർന്ന സാഹിത്യകാരന്മാർ*

വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി, തകഴി ശിവശങ്കരപ്പിള്ള, മഹാകവി വള്ളത്തോൾ, ബോധേശ്വരൻ, അംശി നാരായണപിള്ള തുടങ്ങിയ പ്രശസ്തരായ സാഹിത്യകാരന്മാർ തിരുവിതാംകൂറിലെ ജനതയുടെ സമരത്തിന് ആവേശം പകർന്ന് തൂലിക ചലിപ്പിച്ചു. പൊൻകുന്നം വർക്കിയുടെ 'ജേതാക്കൾ', തകഴിയുടെ 'തോറ്റില്ല' തുടങ്ങി അനേകം നാടകങ്ങളും തിരുവിതാംകൂറിലാകെ കളിച്ചു.

ദേശീയപ്രസ്ഥാനത്തെ ആളിക്കത്തിക്കാൻ രഹസ്യമായും പരസ്യമായും ഒട്ടേറെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ പല ഭാഗത്തും ആരംഭിച്ചു. ദീനബന്ധു, സ്വതന്ത്രഭാരതം', സമരകാഹളം, സ്നേഹിതൻ, ഐക്യകേരളം, സ്വരാജ്, ദേശാഭിമാനി, മലയാളരാജ്യം', കേസരി, മാതൃഭൂമി, അൽഅമീൻ, യുവഭാരതം, നവീനകേരളം, കോൺഗ്രസ് ന്യൂസ്, കോൺഗ്രസ് ബുള്ളറ്റിൻ തുടങ്ങി അക്കാലത്തു തുടങ്ങിയ പ്രസിദ്ധീകരണങ്ങളൊക്കെ പലഘട്ടങ്ങളിൽ നിരോധിക്കപ്പെടുകയോ, നേതാക്കളുടെ അറസ്റ്റ് മൂലം നിലച്ചുപോവുകയോ ചെയ്തു.

ഗാന്ധിജി സമരത്തിന്റെ തുടക്കത്തിൽ പറഞ്ഞതുപോലെ ഒരു പുതിയ സമൂഹ രചനയ്ക്കുള്ള കളമൊരുക്കുന്നതിന് കേരളത്തിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനം വഴിയൊരുക്കി. അയിത്തത്തിനും അനാചാരങ്ങൾക്കും അനീതിക്കും അഴിമതിക്കും അക്രമങ്ങൾക്കുമെതിരായ പോരാട്ടം കൂടിയായി മാറി സ്വാതന്ത്ര്യസമരം

ലേഖനം



**വണ്ടന്നൂർ സുരേഷ്**
സെക്ഷൻ ഓഫീസർ,
നിയമ വകുപ്പ്, സെക്രട്ടേറിയറ്റ്

# ബൗദ്ധിക സ്വത്തവകാശത്തിലൂടെ ഒരു യാത്ര...



**മ**നുഷ്യൻ തന്റെ ഏറ്റവും വലിയ നിധിയും സ്വത്തും ആയി കണക്കാക്കുന്നത് എക്കാലത്തും അവന്റെ ബുദ്ധിയാണ്. ഒരാൾക്ക് സ്വന്തമായ ഏതൊരു സ്ഥാവര ജംഗമ വസ്തുവിന്മേലും നമുക്ക് ഒരളവുവരെ ഒരു വില നിശ്ചയിക്കാൻ സാധിക്കും. എന്നാൽ ബൗദ്ധിക സ്വത്ത് അങ്ങനെയല്ല. വില നിശ്ചയിക്കാൻ സാധിക്കാത്ത,അനുനിമിഷം മൂല്യഗുണ വർധനവ് നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ് ഒരാളുടെ ബൗദ്ധിക സ്വത്ത്. ഒരു കണ്ടു പിടിത്തം ഒരാളെ കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ ബില്ല്യണയറാക്കും. ആ സ്രോതസ്സ് ഒരിക്കലും വറ്റാതെ അയാളിലേക്ക് നദീ പ്രവാഹം പോലെ പണമൊഴുക്കിക്കൊണ്ടേയിരിക്കും.

അതിന് ഉദാഹരണമായി നമുക്ക് എടുത്തു പറയാൻ കഴിയുന്നൊരു പേരാണ് ഫേസ് ബുക്ക് സി.ഇ.ഒ മാർക്ക് സുക്കർബർഗ്.

തൊട്ടറിയാൻ കഴിയാത്ത മനുഷ്യ ബുദ്ധിയുടെ ഒരു വിഭാഗം

നിർമ്മിതികളെയാണ് ബൗദ്ധിക സ്വത്തുക്കൾ (Intellectual Properties)എന്ന് നാം പറയുന്നത്. മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ,സാഹിത്യപരവും കലാപരവുമായ സൃഷ്ടികൾ, ഡിസൈനുകൾ,അടയാളങ്ങൾ, പേരുകൾ, ചിത്രങ്ങൾ എന്നിവയെല്ലാം ഇതിൽപ്പെടും.

1967ലാണ് ലോക ബൗദ്ധിക സ്വത്തവകാശ സംഘടന നിലവിൽ വരുന്നത്. യുണൈറ്റഡ് നാഷൻസിന്റെ(UNO)ജനീവ ആസ്ഥാനമായ പ്രത്യേക ഏജൻസികളിൽ ഒന്നാണിത്. ലോകമെമ്പാടും ബൗദ്ധിക സൃഷ്ടികളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ബൗദ്ധിക സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പുവരുത്താനുമാണ് Intellectual Property Organization രൂപവത്കരിച്ചത്. എല്ലാ വർഷവും ഏപ്രിൽ 26-നാണ്

ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആചരിക്കുന്നത്. പേറ്റന്റുകൾ, പകർപ്പവകാശം,വ്യാപാരമുദ്രകൾ, ഡിസൈനുകൾ എന്നിവ ദൈനംദിന ജീവിതത്തിൽ എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്നതിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും സർഗ്ഗാത്മകത ആഘോഷിക്കുന്നതിനും സ്രഷ്ടാക്കളും പുതുമയുള്ളവരും നൽകുന്ന സംഭാവനകളും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് 2000-ൽ വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ (WIPO) സ്ഥാപിതമായത്. വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനുള്ള കൺവെൻഷൻ 1970-ൽ നിലവിൽ വന്നു.

മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിച്ചു വികസിപ്പിച്ചെടുക്കുന്ന സൃഷ്ടികളിൽ അതിന്റെ സ്രഷ്ടാവിനു നിയമപരമായ അംഗീകാരത്തോടുകൂടി നൽകപ്പെടുന്ന ഒരു നിശ്ചിത കാലത്തേക്കുള്ള നിയമസംരക്ഷണം ആണ് ബൗദ്ധിക സ്വത്തവകാശം. ഇവ പലപ്പോഴും വ്യവസായ,ശാസ്ത്രീയ,കലാ-സാഹിത്യ സൃഷ്ടികൾക്ക് ആണ് നൽകിവരുന്നത്.

'ആസാദി കാ അമൃത് മഹോത്സവ്' ആഘോഷങ്ങളുടെ ഭാഗമായി 2021 ഡിസംബർ 8 ന് ബൗദ്ധിക സ്വത്തവകാശ (IP) അവബോധവും അടിസ്ഥാന പരിശീലനവും നൽകുന്നതിനുള്ള സുപ്രധാന പരിപാടിയായ NIPAM(National Intellectual Property Awareness Mission)ആരംഭിച്ചു.

ബൗദ്ധിക സ്വത്തവകാശ ബോധവത്ക്കരണത്തിന്റെ ഭാഗമായി 10 ലക്ഷം വിദ്യാർത്ഥികൾക്ക് (10,05,272) ബൗദ്ധിക സ്വത്തവകാശ (Intellectual Property) (IP) അവബോധവും അടിസ്ഥാന പരിശീലനവും നൽകുകയെന്ന ലക്ഷ്യം,2022 ആഗസ്റ്റ് 15 എന്ന സമയപരിധിക്ക് മുമ്പായി 2022 ജൂലൈ 31-ന് തന്നെ ദേശീയ ബൗദ്ധിക സ്വത്തവകാശ ബോധവത്ക്കരണ ദൗത്യം അഥവാ NIPAM (National Intellectual Property Awareness Mission)കൈവരിക്കുകയുണ്ടായി.

28 സംസ്ഥാനങ്ങളിലെയും 7 കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 3,662 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ നടന്നു. ഇന്റലക്ചൽ പ്രോപ്പർട്ടി ഓഫീസ്, ഓഫീസ് ഓഫ് കൺട്രോളർ ജനറൽ ഓഫ് പേറ്റന്റ്സ്,ഡിസൈൻസ് ആൻഡ് ട്രേഡ് മാർക്സ്(CGPDTM),വാണിജ്യ വ്യവസായ മന്ത്രാലയം എന്നിവർ ചേർന്നായിരുന്നു പദ്ധതി നടപ്പിലാക്കിയത്.

### *എന്തു കൊണ്ട് ബൗദ്ധിക സ്വത്തവകാശ നിയമം?*

വ്യക്തികൾക്ക് അവരുടെ കണ്ടുപിടുത്തങ്ങളുടെ പൂർണ്ണ ഫലപ്രാപ്തി മറ്റാരും കവർന്നെടുക്കാതെ സ്വയം കൈവരിക്കാനാകുക എന്നതാണ് പ്രധാനം. ഒപ്പം സൃഷ്ടിയിലൂടെ അവർ അറിയപ്പെടാനും സാമ്പത്തിക നേട്ടമുണ്ടാക്കാനും ഇത് അവസരം ഒരുക്കുന്നു.

വ്യത്യസ്ത ബൗദ്ധിക വസ്തുക്കൾ വ്യാപകമായി നിർമ്മിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുക കൂടിയാണ് ബൗദ്ധിക സ്വത്തവകാശ നിയമം കൊണ്ട് ലക്ഷ്യമിടുന്നത്. കണ്ടുപിടുത്തങ്ങളും മറ്റും പരിപോഷിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള സാഹചര്യം ഈ നിയമം സൃഷ്ടിക്കുന്നു.

പകർപ്പവകാശം (CopyRight), വ്യാപാര മുദ്ര (Trade Marks),ഭൂപ്രദേശ സൂചിക (Geographical indications),വ്യാവസായിക ഡിസൈനുകൾ (Industrial designs), നിർമാണാവകാശം (Patent),കച്ചവട രഹസ്യം (Trade Secret)തുടങ്ങിയവ ബൗദ്ധിക സ്വത്തവകാശങ്ങളിൽ ഉൾപ്പെടും.

ബൗദ്ധിക സ്വത്തവകാശം പ്രധാനമായും അഞ്ചായി തരം തിരിച്ചിരിക്കുന്നു

1.പേറ്റന്റ്

2.കോപ്പിറൈറ്റ്

3.ട്രേഡ് മാർക്ക്

4.ഡിസൈൻസ്

5.ജോഗ്രഫിക്കൽ ഇൻഡിക്കേഷൻസ്

### *1.എന്താണ് പേറ്റന്റ് ?*

പ്രത്യേക കണ്ടുപിടുത്തങ്ങൾക്ക് നൽകുന്ന അവകാശത്തെയാണ് പേറ്റന്റ് എന്ന് പറയുന്നത്. മനുഷ്യൻ ഇന്ന് ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും ഓരോ കണ്ടുപിടുത്തത്തിന്റെ ഫലമാണ്.

കണ്ടുപിടുത്തം എങ്ങനെ ഉപയോഗിക്കണം എന്നും ആർക്കൊക്കെ നൽകണം എന്നുമെല്ലാം തീരുമാനിക്കാനുള്ള അവകാശം പേറ്റന്റ് ഉടമയിൽ നിക്ഷിപ്തമായിരിക്കും. കണ്ടുപിടുത്തത്തിന്റെ സാങ്കേതിക വിവരങ്ങൾ പൊതുജനങ്ങൾക്കായി ഉടമ പ്രസിദ്ധപ്പെടുത്തിയിരിക്കും. അതായത്

ഒരു കണ്ടുപിടുത്തത്തിന്റെ ഉപജ്ഞാതാവിനുള്ള കുത്തകാവകാശം തന്നെയാണ് പേറ്റന്റ്. അയാളുടെ കണ്ടുപിടിത്തം അതിന് മുൻപ് ഭൂമിയിൽ മറ്റൊരാളും കണ്ടു പിടിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയിട്ടാണ് പേറ്റന്റ് നൽകുന്നത്. അതായത് നൂതനമായ ഒരു കണ്ടുപിടുത്തത്തിനു മാത്രമേ പേറ്റന്റ് നൽകുകയുള്ളൂ എന്ന് സാരം. ഒരു പ്രോഡക്ടിൽ ഒരാൾ സ്വന്തമാക്കിയ പേറ്റന്റിൽ അയാൾക്കല്ലാതെ മറ്റൊരു വ്യക്തിക്കും ആ സാധനം നിർമ്മിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഒരു പേറ്റന്റിന് 20 വർഷത്തേക്കു മാത്രമേ നിയമപരമായ പരിരക്ഷ ലഭിക്കുകയുള്ളൂ. അതുകഴിഞ്ഞാൽ അത് പൊതു സ്വത്തായി മാറുന്നു. ദി പേറ്റന്റ്സ് ആക്ട്,1970 ആണ് ഇന്ത്യയിലെ പേറ്റന്റിനെ കുറിച്ചു പ്രതിപാദിക്കുന്ന നിയമം.

### *2.എന്താണ് കോപ്പി റൈറ്റ്?*

ഒറിജിനലായിട്ടുള്ള സാഹിത്യം,സംഗീതം, കലാസൃഷ്ടികൾ,ശബ്ദ റെക്കോർഡിംഗ്, സിനിമ എന്നിങ്ങനെയുള്ളവയിൽ എല്ലാം അതിന്റെ സൃഷ്ടാവിനുള്ള അവകാശത്തെയാണ് കോപ്പി റൈറ്റ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു സ്രഷ്ടാവിനു(സാഹിത്യകാരൻ,ആർട്ടിസ്റ്റ്)

തന്റെ സൃഷ്ടിയുടെ മേൽ നിയമപരമായ ലഭ്യമാകുന്ന സംരക്ഷണം തന്നെയാണ് കോപ്പിറൈറ്റ്. ഇത് ഒരു നിശ്ചിത കാലത്തേക്കാണു ലഭ്യമാകുന്നത്. സൃഷ്ടികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു സ്രഷ്ടാവിൽ നിന്നു സൃഷ്ടിയുടെ അവകാശം വാങ്ങിയാൽ അതു വാണിജ്യപരമായി ഉപയോഗിക്കുവാൻ സാധിക്കും. അച്ചടിയുടെ വരവോടുകൂടിയാണ് കോപ്പിറൈറ്റ് എന്ന ആശയത്തിന്റെ പ്രാധാന്യം വർധിച്ചത്. ഇന്റർനെറ്റിന്റെ വരവോടുകൂടി അത് ജനകീയമായി. ഇതോടൊപ്പം വ്യാജ പതിപ്പുകളും ജനകീയമായിത്തീർന്നു. ദി കോപ്പി റൈറ്റ് ആക്ട്,1957 ആണ് ഇന്ത്യയിലെ ഇതു സംബന്ധിച്ച നിയമം.

### *3. എന്താണ് ട്രേഡ് മാർക്ക്?*

ഒരു വ്യക്തിയുടെ ചരക്കുകളെയോ സേവനങ്ങളെയോ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചറിയാനുള്ള അടയാളം എന്നാണ് ട്രേഡ് മാർക്കിനെ കുറിച്ച് 1999 ലെ ട്രേഡ് മാർക്ക് ആക്ടിൽ വി



ശദീകരിച്ചിരിക്കുന്നത്.

നമുക്കെല്ലാവർക്കും പേരുകൾ ഉള്ളതുപോലെ സേവനങ്ങൾക്കും ഉൽപന്നങ്ങൾക്കും ഓരോരോ പേരുകൾ ഉണ്ടായിരിക്കും. ആ പേരുകൾ വഴിയാണ് നാം അവയെ വേർതിരിച്ചറിയുന്നത്. ഇതിനെ ട്രേഡ്മാർക്ക് അല്ലെങ്കിൽ വ്യാപാര മുദ്ര എന്ന് പറയുന്നു. ഈ അടയാളത്തിൽ ചരക്കിന്റെ ചിത്രമോ,പാക്കിംഗോ,കളർ കോമ്പിനേഷനുകളോ ഉൾപ്പെടാമെന്നും ആക്ടിൽ പറയുന്നു.

ഒരു ദിവസത്തിൽ ഒരു മനുഷ്യൻ ശരാശരി 1500 ഓളം ട്രേഡ്മാർക്കുകൾ കാണുന്നുണ്ട് എന്നാണ് വിലയിരുത്തൽ. ഉത്പാദകനെയും ഉത്പന്നത്തെയും വേർതിരിച്ചറിയുക എന്നതാണ് ട്രേഡ് മാർക്കിന്റെ പ്രധാന ഉദ്ദേശം. പത്തു വർഷമാണ് ട്രേഡ് മാർക്കിന്റെ പരമാവധി കലാവധി. ഓരോ പത്തു വർഷം കൂടുമ്പോൾ കാലാവധി തുടർച്ചയായി നീട്ടിക്കൊണ്ടുപോകാനും സാധിക്കും. ദി ട്രേഡ് മാർക്ക് ആക്ട്,1999 ആണ് ഇതു സംബന്ധിച്ച ഇന്ത്യൻ നിയമം.

***4. എന്താണ് ഡിസൈൻസ് ?***

ഒരു ഉത്പന്നമോ,വസ്തുവോ അതിന്റെ ആകൃതി,രൂപങ്ങളിൽ പുതുമയുള്ളതാണെങ്കിൽ അതിനു ഡിസൈൻസ് സ്വത്തവകാശ സംരക്ഷണം ലഭിക്കുന്നു. അനുകരണങ്ങൾ ഒഴിവാക്കുക എന്നതാണ് ഇതിന്റെ പ്രധാനമായ ലക്ഷ്യം. ഡിസൈൻ സംരക്ഷണം ലഭിക്കുന്നതിന് വസ്തുവിന് ഒരു രൂപവും ഡിസൈനും ഉണ്ടായിരിക്കണം. മുമ്പു കണ്ടിട്ടുള്ളതിൽ നിന്നു വ്യത്യസ്തവും ഉപയോഗപ്രദവും ആയിരിക്കണം ഡിസൈൻ. ദി ഡിസൈൻസ് ആക്ട്,2000 ആണ് ഇന്ത്യയിൽ ഇതു സംബന്ധിച്ച നിയമം.

***5. എന്താണ് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് അഥവാ ഭൗമ സൂചിക ?***

പ്രത്യേക ഭൂമിശാസ്ത്രപരമായ ഉത്ഭവവും, അതുകൊണ്ടുള്ള ഗുണങ്ങളും പ്രശസ്തിയും ഉത്പന്നത്തിൽ കാണിക്കുന്ന അടയാളമാണ് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ. ഉത്പന്നത്തിന്റെ ഗുണങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലവുമായി ബന്ധമുള്ള അവസരങ്ങളിലാണ് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ഉപയോഗിക്കുന്നത്.

അതായത് ചില സ്ഥലങ്ങളിൽ നിന്നു വരുന്ന വസ്തുക്കൾ ആ സ്ഥലത്തിന്റെ പേരോടുകൂടി അറിയപ്പെടുന്നു. ഇത്തരം വസ്തുക്കൾക്കു കൊടുക്കുന്ന സംരക്ഷണമാണ് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻസ്. കാർഷിക ഉൽപ്പന്നങ്ങൾ,വ്യവസായ വാണിജ്യ ആവശ്യത്തിനുള്ള വസ്തുക്കൾ ഇവയൊക്കെ ഈ വിഭാഗത്തിൽപ്പെടുന്നു. ആറൻമുള കണ്ണാടി, പാലക്കാടൻ മട്ട, വാഴക്കുളം കൈതച്ചക്ക,നിലമ്പൂർ തേക്ക് എന്നിവ ഇതിൽ ഉൾപ്പെടും. ദി ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ഓഫ് ഗുഡ്സ്(രജിസ്ടേഷൻ ആന്റ് പ്രൊട്ടക്ഷൻ) ആക്ട്,1999) ആണ് ഇന്ത്യയിൽ ഇതു സംബന്ധിച്ച നിയമം.

***ബൗദ്ധിക സ്വത്തുക്കൾ സംരക്ഷിക്കപ്പെടുന്നത് രജിസ്ട്രേഷനിലൂടെയാണ്.***

ഇന്ത്യയിൽ ഡൽഹി,മുംബൈ, കൊൽക്കത്ത,ചെന്നൈ,അഹമ്മദാബാദ് എന്നിവിടങ്ങളിലാണ് ഐ.പി രജിസ്ട്രേഷൻ ഓഫീസുകൾ ഉള്ളത്. കേരളം ചെന്നൈ ഓഫീസിന്റെ പരിധിയിലാണ്. കേന്ദ്രസർക്കാരിന്റെ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്.

ബൗദ്ധിക സ്വത്തവകാശ(ഇന്റലക്ചൽ പ്രോപ്പർട്ടി- ഐപി)മേഖലയിലെ സഹകരണത്തിന് ഇന്ത്യയും യുഎസും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മികച്ച രീതികളുടെയും വിവരങ്ങളുടെയും കൈമാറ്റം,ഐപി ഓഫിസുകളുടെ പ്രവർത്തനരീതി പരിഷ്കരണം, പരമ്പരാഗത വിജ്ഞാനത്തിന്റെ സംരക്ഷണത്തിനുള്ള നടപടികൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ് ഈ സഹകരണ ഉടമ്പടിയുടെ ലക്ഷ്യം.

***ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനം എന്നാൽ എന്താണ്?***

ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനം സിവിൽ അല്ലെങ്കിൽ ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെടുന്നു. ഏത് തരം ബൗദ്ധിക സ്വത്തവകാശം ഉൾപ്പെട്ടിരിക്കുന്നു,എന്ത് തരം പ്രവൃത്തിയാണ്,അധികാര പരിധി എന്നിവ അടിസ്ഥാനമാക്കിയാണ് ഏത് തരം കുറ്റമാണ് എന്ന് കണക്കാക്കുന്നത്.

***ബൗദ്ധിക സ്വത്തവകാശ നിയമം എന്തുകൊണ്ട് പ്രധാന്യം അർഹിക്കുന്നു?***

നിയമപരമായ പരിരക്ഷയാണ് ബൗദ്ധിക സ്വത്തവകാശ നിയമം നൽകുന്നത്. വ്യവസായിക അടിസ്ഥാനത്തിലുള്ള ഉപയോഗം,മാർക്കറ്റിംഗ്,പകർപ്പുകളുടെ നിർമ്മാണം,ഉടമസ്ഥാവകാശം കൈവശപ്പെടുത്തൽ,മറ്റ് ഉത്പന്നങ്ങളിലെ ഉപയോഗം എന്നിങ്ങനെയുള്ള വിഷയങ്ങളിലെല്ലാം ബൗദ്ധിക സ്വത്തവകാശ നിയമം പരിരക്ഷ നൽകുന്നു.

***ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിന് ഇന്ത്യയിൽ ഉള്ള നിയമങ്ങളും ആക്ടുകളും ഏതെല്ലാമാണ് ?***

ധാരാളം നിയമങ്ങൾ ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ടുണ്ട്. 2012ൽ ഭേദഗതി വരുത്തിയ പകർപ്പവകാശ നിയമം 1957, ട്രേഡ് മാർക്ക് ആക്ട് 1999,ഡിസൈൻ ആക്ട് 2000, പേറ്റന്റ് ആക്ട് 2005 എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ലേഖനം



**ജി. ആർ. ഗോവിന്ദ്**
സെക്രട്ടറി
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# പങ്കാളിത്ത പെൻഷൻ ജീവനക്കാരെ വഞ്ചിക്കുന്നത് ആര് ?

***എൻ.പി.എസ്. വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള കുടുംബ പെൻഷന് അർഹതയില്ലാതിരുന്നതിനാൽ, സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നത് വരെ ടി ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ തുക മുഴുവനായും ആശ്വാസ ധനസഹായമായി ആശ്രിതർക്ക് അനുവദിക്കുവാൻ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭാ യോഗതീരുമാനം കൈക്കൊണ്ടിരുന്നു.***

01.01.2004 മുതൽ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ദേശീയ പെൻഷൻ പദ്ധതിക്ക് അനുസരണമായാണ് സംസ്ഥാനത്ത് 01.04.2013 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. ദേശീയ മുഖ്യധാരയോട് ചേർന്ന് നീങ്ങുവാനായി കേന്ദ്ര ഗവൺമെന്റും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ച എൻ.പി.എസ്. പദ്ധതി നടപ്പാക്കുന്നുവെന്നായിരുന്നു അന്നത്തെ സർക്കാരിന്റെ വിശദീകരണം.

***പങ്കാളിത്ത പെൻഷൻ അറബിക്കടലിൽ...***

സർക്കാർ ജീവനക്കാരെ ആവേശഭരിതരാക്കിയ ഒരു മുദ്രാവാക്യം നമുക്കിടയിൽ പ്രചരിച്ചിരുന്നു. 'പങ്കാളിത്ത പെൻഷൻ പദ്ധതി അറബിക്കടലിൽ...' 2016 ൽ ഇടതുമുന്നണി പുറത്തിറക്കിയ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ 584-ം ഖണ്ഡികയും സർക്കാർ ജീവനക്കാർക്കിടയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. രാഷ്ട്രീയം മറന്ന് ജീവനക്കാരും പി.എസ്.സി ഉദ്യോഗാർത്ഥികളും വിധി എഴുതി. തുടർഭരണം പ്രതീക്ഷിച്ച യു.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്തി ഇടത് സർക്കാർ അധികാരത്തിൽ..!


Mathrubhumi മാതൃഭൂമി Menu

**മദ്യവർജനം ലക്ഷ്യം, പങ്കാളിത്ത പെൻഷൻ പിൻവലിക്കും: എൽ.ഡി.എഫ് പ്രകടന പത്രിക**

Published:19 Apr 2016, 03:58 pm

എൽ.ഡി.എഫിന്റെ പ്രകടനപത്രിക എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വനും മറ്റുനേതാക്കളും ചേർന്ന് പ്രകാശിപ്പിക്കുന്നു. ചിത്രം : ജി.ബിനുലാൽ

തിരുവനന്തപുരം: വ്യാവസായിക, ആരോഗ്യ,വിദ്യാഭ്യാസ, പരിസ്ഥിതി മേഖലകളിൽ മാറ്റങ്ങൾ ലക്ഷ്യമിട്ട് എൽ.ഡി.എഫിന്റെ പ്രകടന പത്രിക. 35



## എൽ.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ പങ്കാളിത്ത പെൻഷൻ റദ്ദാക്കും -തോമസ് ഐസക്

ആലപ്പുഴ: എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോഠം പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുമെന്ന് സി.പി.എം. കേന്ദ്രകമ്മിറ്റിയംഗം ഡോ. ടി.എം. തോമസ് ഐസക് എം.എൽ.എ. പറഞ്ഞു.

സി.പി.എം. കലക്ടറേറ്റ് ഉപരോധസമര യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പങ്കാളിത്ത പെൻഷൻ നടപടി ആദ്യം തുടങ്ങിയത് എ.കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്.

എന്നാൽ, വി.എസ്. സർക്കാർ അത് റദ്ദാക്കി. അതുപോലെ ഉമ്മൻചാണ്ടി സർക്കാർ കൊണ്ടുവന്ന പങ്കാളിത്ത പെൻഷൻ പദ്ധതി റദ്ദാക്കുമെന്നും ഐസക് പറഞ്ഞു.

തൊഴിലാളി വർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന സർക്കാർ അധികാരത്തിലേറിയപ്പോൾ കവാത്ത് മറന്നു. കേരള കള്ളു ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കണ്ണൂർ സർവ്വകലാശാല, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി അടിച്ചേൽപ്പിച്ചു.

കൂടാതെ, ദേശീയ പെൻഷൻ പദ്ധതിയിൽപ്പെട്ട ജീവനക്കാരെ 'കൈയഴിച്ച്' സഹായിക്കുവാനും തുടങ്ങി. പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് യു.ഡി.എഫ്. സർക്കാർ അനുവദിക്കുവാൻ ഉത്തരവായിരുന്ന ആശ്വാസ ധനസഹായം 'തീരുമാനമാക്കി' തന്നു. എൻ.പി.എസ്. വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള കുടുംബ പെൻഷന് അർഹതയില്ലാതിരുന്നതിനാൽ, സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നത് വരെ ടി ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ തുക മുഴുവനായും ആശ്വാസ ധനസഹായമായി ആശ്രിതർക്ക് അനുവദിക്കുവാൻ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭാ യോഗതീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ, എല്ലാം ശരിയാക്കാൻ വന്നവർ 25.08.2016 തീയതിയിലെ മന്ത്രിസഭായോഗത്തിൽ ഇതേ വിഷയം വീണ്ടും പരിഗണിക്കുകയും മരണമടയുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനത്തിന് തുല്യമായ തുകയായി ആശ്വാസ ധനസഹായം വെട്ടിക്കുറച്ച്, 31.08.2016 തീയതിയിലെ സ.ഉ.(പി.)നം.126/2016/ധന നമ്പർ പ്രകാരം ഉത്തരവും ഇറക്കി. എൻ.പി.എസ്. നടപ്പാക്കിയ മുൻ സർക്കാർ തീരുമാനം PFRDA Act, 2013 ലെ സെക്ഷൻ 12 ന്റെ സബ്സെക്ഷൻ (4) പ്രകാരമുള്ള വിജ്ഞാപനവും 13.05.2020 ൽ പുറപ്പെടുവിപ്പിച്ചു.

> ***സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞം ഊർജ്ജിതമായി നടക്കുന്നു. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് ഉദ്ഘോഷിച്ചവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒന്നേ മുക്കാൽ ലക്ഷം ജീവനക്കാരുടെ ഹൃദയത്തുടുപ്പുകൾ പേറുന്ന ഫയലിനെ കണ്ടില്ലെന്ന് നടിക്കുന്നു.***

### *പുന:പരിശോധന സമിതി അഥവാ 'ബ്ലോക്കിങ് സമിതി'*

പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പദ്ധതി പ്രകാരം ഇതിനോടകം ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നതിനുള്ള ഒരു ഉപാധിയായാണ് പുന:പരിശോധന സമിതിയേയും അതിന്റെ റിപ്പോർട്ടിനെയും സർക്കാർ കാണുന്നത്.

2016 ൽ അധികാരത്തിലേറിയവർ പുന:പരിശോധനാസമിതിയെ നിയമിച്ചത് 07.11.2018 മാത്രമായിരുന്നു. ഏറെ കോലാഹലങ്ങൾക്ക് ശേഷം സമിതിക്ക് ഓഫീസ് അനുവദിച്ചു. 6മാസത്തേക്ക് അനുവദിച്ച കാലാവധി പലകുറി ദീർഘിപ്പിച്ചു നൽകി. പൊതുഖജനാവിൽ നിന്നും 70,60,098 രൂപ ചെലവഴിച്ച് 906 ദിനങ്ങൾക്കൊടുവിൽ 30.04.2021 ന് സമിതി സർക്കാരിന് റിപ്പോർട്ട് കൊടുത്തു. ശേഷം എന്ത് നടപടി ഉണ്ടായി?.റിപ്പോർട്ട് എവിടെ? 'കാക്കക്കുയിൽ' സിനിമയിലെ ജഗദീഷിന്റെ കഥാപാത്രം പറയുന്ന പോലെ സാധനം മരുന്ന് ഡപ്പിയിൽ തന്നെ ഉണ്ട്. പുന:പരിശോധന സമിതിയെ നിയോഗിച്ചിരുന്നില്ലായെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു?

2016 ആഗസ്റ്റ് മാസം 26-ം തീയതി Department of Pension and Pensioners' Welfare പുറത്തിറക്കിയ ഓഫീസ് മെമ്മോറാണ്ടത്തിന്റെ

അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഡി.സി.ആർ.ജി. ആനുകൂല്യം അനുവദിക്കേണ്ടി വരുമായിരുന്നു.

2019 ജനുവരി മുതൽ സർക്കാർ വിഹിതം 14 ശതമാനമായി ഉയർത്തി പ്രസ്തുത തുക ജീവനക്കാരുടെ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടാകുമായിരുന്നു.

### *ഡി.എ. കുടിശ്ശിക ബാധിക്കുന്നത് പ്രതിമാസ പെൻഷൻ തുകയെ !*

അടിസ്ഥാന ശമ്പളവും ഡി.എ.യും ചേരുന്ന തുകയുടെ 10 ശതമാനവും തത്തുല്യമായ സർക്കാർ വിഹിതവും ചേർത്തുള്ള തുകയാണ് ഓരോ മാസവും പെൻഷൻ ഫണ്ടിലേക്ക് പോകുന്നത്. വിരമിക്കുന്ന വേളയിൽ കോർപ്പസ് ഫണ്ടിലുള്ള 40 ശതമാനം തുക ആന്വറ്റി പ്ലാനിൽ നിക്ഷേപിച്ച് പെൻഷൻ തുക കണ്ടെത്തുന്നുവെന്നതാണ് പദ്ധതിയുടെ പ്രത്യേകത. 2019 ജനുവരി 31–ം തീയതിയിലെ നോട്ടിഫിക്കേഷനിലൂടെ കേന്ദ്രസർക്കാർ, സർക്കാർ വിഹിതം 14 ശതമാനമായി ഉയർത്തിയിരുന്നു. എന്നാൽ, കേരളത്തിലെ All India Service ഉദ്യോഗസ്ഥരൊഴികെയുള്ള എൻ.പി.എസ്. ജീവനക്കാർക്കുള്ള സർക്കാർ വിഹിതം ഇപ്പോഴും 10 ശതമാനം തന്നെയാണ്. സംസ്ഥാനത്ത് 2,3,3,3 എന്നിങ്ങനെ 4 ഗഡുക്കളായി ആകെ 11 % ഡി.എ. കുടിശ്ശികയാണ്. യഥാസമയം ഡി.എ. അനുവദിക്കാതിരിക്കുകയും സർക്കാർ വിഹിതം വർദ്ധിപ്പിക്കാത്തതിലൂടെയും സർക്കാർ, ജീവനക്കാരിലേൽപ്പിക്കുന്ന പ്രഹരം നിസ്സാരമല്ല. പെൻഷൻ ഫണ്ട് കോമ്പൗണ്ടിംഗ് രീതിയിൽ പ്രവർത്തിക്കുന്നതിനാൽ ലക്ഷങ്ങളുടെ നഷ്ടമാണ് ഈ ഇനത്തിൽ മാത്രം ജീവനക്കാർക്ക് ഉണ്ടാകുന്നത്.

### *500 ൽ അധികം ദിനങ്ങൾ പിന്നിട്ടു... അമ്മാനമാട്ടം തുടരുന്നു...*

സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞം ഊർജ്ജിതമായി നടക്കുന്നു. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് ഉദ്ഘോഷിച്ചവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഒന്നേ മുക്കാൽ ലക്ഷം ജീവനക്കാരുടെ ഹൃദയത്തുടുപ്പുകൾ പേറുന്ന ഫയലിനെ കണ്ടില്ലെന്ന് നടിക്കുന്നു. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് അംഗവും ചേർന്നുള്ള ഫയലുരുട്ടിക്കളിയുടെ ചിത്രം ചുവടെ:–

പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് വെളിച്ചം കാണാതിരിക്കുവാൻ കിണഞ്ഞു പരിശ്രമിക്കുകയാണ് സർക്കാർ. റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമപ്രകാരം പുറത്തുവിടാതിരിക്കുകയും അപേക്ഷകന് റിപ്പോർട്ടിന്റെ പകർപ്പ് നൽകാനുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെ അസ്ഥിരപ്പെടുത്തുവാൻ ഹൈക്കോടതി വരെ പോയെന്നുമുള്ള കാര്യം മാത്രം ചിന്തിച്ചാൽ മതി സർക്കാരിന് ഈ വിഷയത്തിലുള്ള ഭയപ്പാട് വെളിവാകാൻ. സംസ്ഥാന വിവരാവകാശ കമ്മീഷനെ രണ്ടാം എതിർകക്ഷിയാക്കി ബഹു.ഹൈക്കോടതിയിൽ WP(C) No. 19962 of 2022 ആയി റിട്ട് ഹർജ്ജി ഫയൽ ചെയ്യുകയും സമിതി റിപ്പോർട്ടിനെ 'potential cabinet paper' എന്ന ഗണത്തിൽപ്പെടുത്തി വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(1)(i) പ്രകാരം exemption from disclosure of information ന്റെ പരിധിയിൽ കൊണ്ടുവന്ന് കോടതിയുടെ അംഗീകാരം നേടിയെടുത്തുയെന്നുമുള്ളത് അമ്പരപ്പിക്കുന്ന വസ്തുതയാണ്. സെക്രട്ടേറിയറ്റിൽ എത്തുന്ന ഏത് കടലാസിനെയും 'potential cabinet paper' എന്ന് വിവക്ഷിക്കാവുന്നതും അപ്രകാ

**File Details**

**File Number :** PEN-A5/31/2021-FIN

**Opening Date :** 2021-07-01 00:00:00.0

**Subject :** പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി റിപ്പോർട്ടിലെ വിവിധ ശുപാർശകൾ നടപ്പിലാക്കുന്നത്- സംബ.

**Remarks:-**

**File Movement History**

| S.No | Sent By | Sent On | Sent To | Action | Remarks |
|---|---|---|---|---|---|
| 1 | NRIPAN DAS.P.A,ASST1 PS-MIN(FIN) | 2022-02-16 11:39:58.056 | K N BALAGOPAL,M (FIN & SP) | - | - |
| 2 | K N BALAGOPAL,M (FIN & SP) | 2022-01-05 19:33:08.087 | NRIPAN DAS.P.A,ASST1 PS-MIN(FIN) | Forward | - |
| 3 | NRIPAN DAS.P.A,ASST1 PS-MIN(FIN) | 2021-08-27 11:58:09.36 | K N BALAGOPAL,M (FIN & SP) | - | - |
| 4 | K N BALAGOPAL,M (FIN & SP) | 2021-07-21 12:16:19.43 | NRIPAN DAS.P.A,ASST1 PS-MIN(FIN) | Forward | - |
| 5 | RAJESH KUMAR SINGH I A | 2021-07-20 17:31:28.39 | K N BALAGOPAL,M (FIN & SP) | Forward | - |

## ജീവനക്കാർ

887. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയും കോവിഡുകാലത്ത് മാറ്റിവച്ച ശമ്പളവും ഡി.എ കുടിശികയും കാശായി 2021-22ൽ നൽകും. മെഡിസെപ്പ് 2021-22ൽ നടപ്പാക്കും.

888. ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ അനോമലി സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം പരിശോധിക്കുന്നതിന് അനോമലി കമ്മിറ്റിയെ നിയോഗിക്കും. ക്യാബിനറ്റു തലത്തിൽ തന്നെ ചർച്ച ചെയ്ത് പരാതികൾക്കു പരിഹാരം കാണും.

→ 889. പങ്കാളിത്ത പെൻഷൻ റിപ്പോർട്ട് സമർപ്പിച്ചയുടനെ തന്നെ പരിശോധിച്ച് ജീവനക്കാരുടെ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കും.

15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201 — 12-08-2021 - ൽ മറുപടിയ്

പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതി റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും പ്രധാന ശിപാർശകളും വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച കൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാവുന്നതാണോ എന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് - ഗ്രേഷ്യ പെൻഷന്റെ മിനിമത്തിന് തുല്യമായ തുക കൂടി അനുവദിക്കുക, 01.04.2013 ന് മുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 01.04.2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശുപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |

രം വിവരാവകാശനിയമത്തിന്റെ ആത്മാവിനെ തന്നെ തുരങ്കം വയ്ക്കാവുന്നതുമാണ് .

റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ സർക്കാർ ഭയപ്പെടുന്നു എന്ന് മനസ്സിലാക്കാൻ വേറെന്ത് തെളിവാണ് വേണ്ടത് ?. ഈ വിഷയത്തിൽ സർക്കാർ വെട്ടിലാകുന്നത് 2 കാര്യങ്ങളാണ്. റിപ്പോർട്ടിന്റെ ഉള്ളടക്കവും നിലവിലെ സർക്കാരിന്റെ 2021 ലെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയും.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും പിൻമാറുന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാമെന്നുള്ള റിപ്പോർട്ടിലെ സുപ്രധാനമായ വിവരം, 15-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5201 നുള്ള മറുപടിയായി സർക്കാർ നിയമസഭയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചയുടനെ പരിശോധിച്ച് ജീവനക്കാരുടെ താത്പര്യം പരിഗണിച്ച് നടപടി സ്വീകരിക്കുമെന്നതാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ പ്രഖ്യാപിത നയം. അപ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കാതിരിക്കുവാൻ സർക്കാരിന് മുന്നിലുള്ള ഏക മാർഗ്ഗം റിപ്പോർട്ടടങ്ങിയ ഫയൽ പൂഴ്ത്തിവയ്ക്കുക എന്ന ഹീന തന്ത്രം മാത്രമാണ് . ഇതൊക്കെ തിരിച്ചറിയാനുള്ള വിവേകം ജീവനക്കാർക്കുണ്ടെന്ന് അധികാരവർഗവും അവരുടെ അനുയായികളും മനസ്സിലാക്കുക. പങ്കാളിത്ത പെൻഷൻ പദ്ധതി കൊണ്ടുവന്നത് യു.ഡി.എഫ്. സർക്കാർ ആണെന്ന ഒറ്റ പ്രതിരോധത്തിൽ മാത്രം ഊന്നി അധികനാൾ നിങ്ങൾക്ക് മുന്നോട്ട് പോകാനാകില്ല .



സമഷ്ടി
Official Organ of Kerala Secretariat Association



## വാർത്തകൾ

# പങ്കാളിത്ത പെൻഷൻ പദ്ധതി
# വിളിച്ചുണർത്തൽ സമരവുമായി അസോസിയേഷൻ




**പ**ങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ട് 505 ദിവസം പൂർത്തിയായിട്ടും റിപ്പോർട്ടിന്റെ ഉള്ളടക്കം പുറത്തുവിടുകയോ അതിൻമേൽ നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിൽ പ്രതിഷേധിച്ച് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സെപ്റ്റംബർ 16 ന് വിളിച്ചുണർത്തൽ സമരം സംഘടിപ്പിച്ചു.

റിപ്പോർട്ടിന്റെ ഉള്ളടക്കത്തെയും ശുപാർശയെയും ഭരണവർഗം ഭയപ്പെടുന്നതുപോലെ തോന്നിപ്പിക്കുന്നു. ഓരോ ഫയലിലും ഓരോ ജീവിതമുണ്ടെന്ന് നാഴികക്ക് നാൽപത് വട്ടം മൊഴിയുന്ന സർക്കാരിലെ ധനമന്ത്രിക്ക് അതൊട്ടുമെ ബാധകമല്ലെന്ന തരത്തിലാണ് കാര്യങ്ങളുടെ പോക്ക്. സംസ്ഥാന സർക്കാർ ജീവനക്കാരിൽ മുപ്പതു ശതമാനത്തിലധികം വരുന്ന ജീവനക്കാരുടെ ജീവൽ പ്രധാനമായ പെൻഷൻ പ്രശ്നത്തിന് പരിഹാരം കാണുവാൻ ആ ഫയലിൽ തുടിക്കുന്ന ലക്ഷകണക്കായ ജീവിതം പോരെന്നുണ്ടോ ഇടതു സർക്കാരിന്?

പഞ്ചദിന നിയമം ജീവനക്കാർക്കു മാത്രം മതിയോ? ഒരു ഫയലിൽ തീരുമാനമെടുക്കാൻ ഒന്നേകാൽ വർഷമായി തുടരുന്ന കുംഭകർണ്ണവാസം പോരെന്നുണ്ടോ? എന്നീ ചോദ്യങ്ങൾ ഉയർത്തിയാണ് സമരം സംഘടിപ്പിച്ചത്.

ഉണരൂ എൽ.ഡി.എഫ് സർക്കാരേ ഉണരൂ... എന്ന മുദ്രാവാക്യമാണ് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ ഉയർത്തിയത്.

പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന് വാക്ക് നൽകി അധികാരത്തിലെത്തിയ ശേഷം സുഖസുഷുപ്തിയിലാണ്ടവർക്കെതിരെ ശക്തമായ മുന്നറിയിപ്പായി വിളിച്ചുണർത്തൽ സമരം മാറി.

അസോസിയേഷൻപ്രവർത്തകർ സെക്രട്ടേറിയറ്റിന്റെ എല്ലാ ഗേറ്റിലും പെരുമ്പറ മുഴക്കി സെക്രട്ടേറിയറ്റ് അനക്സ് II ഗേറ്റിന് മുന്നിൽ തുടങ്ങിയ സമരപരിപാടി സമരഗേറ്റിൽ സമാപിച്ചു

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേറ്റ് കവാടങ്ങളിൽ നടത്തിയ സമരം പ്രസിഡന്റ് എം.എസ്. ഇർഷാദ് ഉദ്ഘാടനം ചെയ്തു. ജനറൽസെക്രട്ടറി കെ. ബിനോദ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഡി. അനിൽകുമാർ, സെക്രട്ടറിമാരായ രതീഷ് എസ് ധരൻ, ഗോവിന്ദ് ജി. ആർ., റീജ എൻ എന്നിവർ പ്രസംഗിച്ചു. ട്രഷറർ കെ.എം. അനിൽകുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് എ. സുധീർ നന്ദിയും പറഞ്ഞു.

കവിത



**അരുൺ ആര്യങ്കാവ്**
നിർവ്വാഹക സമിതി അംഗം
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# കാലം



കാലമേ നീ നിന്റെ കുടിലിന്നു
മുന്നിൽ വരച്ച കോലമോ ജീവിതം
എൻ ജീവ യാത്ര തൻ
വഴികാട്ടിയാം ഭൂപടം
തെറ്റുകൾ ശരികൾ
ശരികൾക്കിടയിലെ
തിരുത്താത്ത തെറ്റുകൾ
കണ്ണിമവെട്ടാതെ നോക്കി നോട്ടം തെറ്റാതെ കരുതി
വച്ചൊരു നിഴൽ ക്കുത്തു
പോലും വീഴാത്ത ചിത്രശകല
മോ എൻ ജീവിതം
മഴ പെയ്ത ഊഷര ഭൂവിന്റെ
ചൂടേറി തണുത്ത മേൽ മണ്ണോ,
അതിൻ വശ്യമാം ഗന്ധമോ
നീരുറവ ചെയ്യുന്ന ആർദ്രമാം
വിൺ തലം പോലെ ന്റെ മാനസം
വ്യഥകൾ ഉരുക്കി കാച്ചിയ
ഉലയിൽ നിന്നെടുത്തൊരു ദാരു ശിൽപി തൻ
കൈവിരുതിൽ  തീർത്ത
ചാരുശിൽപമോ ജീവിതം
അപവാദ കൊടുങ്കാറ്റിലിളകാത്ത
മാളികയാണി ജീവിതം
പ്രണയവും വിരഹവും പ്രണയ നൈരാശ്യവും
സമ്മാനിച്ചു കാലമേ നീ കടന്നു പോകവെ
അന്നത്തെ തകർത്ത പ്രണയം പല്ലില്ലാ
മോണ തൻ ചിരിയോർമ്മയാകവെ
വെട്ടിപ്പിടിച്ച മണ്ണിൽ പണപ്പെട്ടിയിൽ
നീ താണ്ഡവമാടി ശൂന്യത
വരുത്തി അമവാസിയും പൗർണ്ണമിയും മെനയവെ
ലോകം നിന്നെ വിളിക്കുന്നു ദൈവം
ചിലർ വിളിക്കുന്നു വിധി
ഞാനാം കാഴ്ചക്കാരൻ
നീ തിരിക്കുന്ന ഘടികാര
സൂചിയിൽ പൽചക്രമായിവിടെ
നിർന്നിമേഷനായുലാത്തട്ടെ
പുതു സ്വർഗ്ഗമോ നാകമോ
നീ തരുന്നതെന്നറിയാതെ ......



**സുനിൽ കുമാർ. എസ്**
നിർവ്വാഹക സമിതി അംഗം
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# ഡോഗ്സ് ഓൺ കൺട്രി



**തെ**രുവ് നായ കൂട്ടങ്ങളുടെ കട്ടേഷൻ ആക്രമണത്തിനിരയായി പേവിഷത്തിനുള്ള വാക്സിൻ എടുത്തതിനു ശേഷ വും മരണപ്പെട്ടു പോയ സംഭവങ്ങൾ മലയാളിയുടെ മനസ്സിന് കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മരണപ്പെട്ട് പോയവരുടെ ആശ്രിതർക്ക് ഉണ്ടായ വേദനയും ദുഃഖവും കേരളം ഒന്നടങ്കം ഏറ്റെടുത്തിരിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ട് കൊണ്ടിരിക്കുന്നത്. നമ്മുടെ വേണ്ടപ്പെട്ട ആർക്കും തന്നെ നായയുടെ കടിയേല്ക്കരുതെയെന്ന് ദിവസും പ്രാർത്ഥിക്കുന്നവർ വിരളമാണെന്നതു തന്നെ വാസ്തവം.

തെരുവുനായ്ക്കളുടെ ശല്യം ഇല്ലാത്ത ജീവിതസാഹചര്യങ്ങളിൽ ജീവി

ക്കുന്നവർക്ക് ഇങ്ങനെയുള്ള ചിന്തകൾ ഉണ്ടെങ്കിൽ അതിൻറെ ഭീകരത എന്തായിരിക്കും. നമ്മുടെ നാട്ടുകാർക്ക് പട്ടിക്കടിയേല്ക്കേണ്ടി വരുന്നത് ആലോചിക്കാൻ പോലും കഴിയാത്ത അവസ്ഥയായി മാറിയിട്ടുണ്ട്. തെരുവുനായ്ക്കളെ കൊല്ലണമോ വളർത്തണമോ, നാടുകടത്തണമോ, വന്ധ്യംകരിച്ചാൽ മതിയോ,അവയെ വാക്സിനേറ്റ് ചെയ്താൽ മതിയോ എന്നു തുടങ്ങി നിരവധി അഭിപ്രായങ്ങൾ സമന്വയിപ്പിച്ചുള്ള ചർച്ചകൾ നിലവിൽ സജീവമാണ്.അന്താരാഷ്ട്ര ഡോഗ് ദിനമായ ആഗസ്റ്റ് 26 ഈ വർഷം കടന്ന് പോയ ഈ സാഹചര്യത്തിൽ ഇതിനെ കുറിച്ചുള്ള ചർച്ച വളരെ പ്രാധാന്യം അർഹിക്കുന്നു.

American Pit Bull Terrier, Bullmastiff, American Bulldog ,German Shepherd Rottweiler തുടങ്ങിയ അപകടകാരികളായ വളർത്തു നായ്ക്കളെ മലയാളത്തിന്റെ തനത് ഉണ്ണി പാട്ടുകൾ പാടി താലോലിക്കുന്ന ചില മലയാളികൾ തെരുവുനായ്ക്കൾ കാണിക്കുന്ന ക്രൂരതയെ ക്കുറിച്ച് സംസാരിക്കുന്നത് തന്നെ ഇതിന്റെ പ്രാധാന്യം എത്രത്തോളമാണന്ന് മനസിലാക്കാവുന്നതാണ്.പേവിഷബാധയ്ക്ക് എതിരെയുള്ള നിലവിലെ വാക്സിൻ കേരളീയരുടെ ശരീരത്തിൽ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവോ ഇല്ലയോ എന്നതിൽ ഒരു വ്യക്തത മലയാളിക്ക് അറിയാൻ അവകാശമുണ്ട്.

ലൂയി പാസ്റ്ററും എമിലി റൌക്സും 1885 ൽ വികസിപ്പിച്ചെടുത്ത ആൻറി റാബീസ് വാക്സിൻ മനുഷ്യരിലും മറ്റു സസ്തനികളിലും ഈ അടുത്തകാലംവരെ പ്രവർത്തനക്ഷമമായി രുന്നു എന്നത് വസ്തുത തന്നെയാണ്. തൊലിപ്പുറത്തോ,മാംസപേശികളിലോ ഇൻജക്ട് ചെയ്യുന്ന ഈ പ്രതിരോധ വാക്സിൻ പേ വിഷത്തിൽ നിന്നും സംരക്ഷണം നൽകിയിരുന്നു.

1908 ൽ ആധുനികരീതിയിലുള്ള വാക്സിൻ നിർമാണം ആരംഭിച്ചത് മുതൽ പേ വിഷത്തിനെ ആരും തന്നെ ഭയപ്പെട്ടിരുന്നില്ല. ഏതുതരത്തിലുള്ള റാബീസ് വൈറസിനെയും ഭയപ്പാടില്ലാതെ സമീപിച്ചിരുന്ന മലയാളി ഇന്ന് ഒരു പിടച്ചിലോടെ മാത്രമേ ഇതിനെ സമീപിക്കാൻ സാധിക്കുന്നുള്ളു എന്നത് മറ്റൊരു വസ്തുത. മനുഷ്യരുടെയും മറ്റ് സസ്തനികളുടെയും പെരിഫറൽ നെർവസ് സിസ്റ്റത്തിൽ നിന്നും സെൻട്രൽ നെർവസ് സിസ്ററത്തിലേയ്ക്ക് വൈറസ് പ്രവേശിക്കുന്ന സമയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ആദ്യ വാക്സിൻ തീയതിയിൽ തുടങ്ങി 3 , 7, 14, 28 എന്നീ ദിവസങ്ങൾ വരുന്ന ക്രമത്തിൽ വാക്സിൻ നൽകുന്ന രീതിയാണ് നിലവിൽ അവലംബിച്ച് പോരുന്നത്.വാക്സിൻ എടുത്തിട്ടും മരണം സംഭവിക്കുന്നു എന്ന അവസ്ഥ സംജാതമായിരിക്കുന്ന ഈ ഘട്ടത്തിൽ വാക്സിനേഷൻ ന്യൂനതകൾ എന്തെന്ന് കണ്ടെത്തി അതിനു പരിഹാരം കാണേണ്ടത് അധികാരപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്.

മനുഷ്യൻ പേപിടിച്ച നായ്ക്കളുടെ കടിയേറ്റ് മരിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിൽ തെരുവുനായ്ക്കളെ കൂട്ടത്തോടെ കൊന്നൊടുക്കുന്നത് സംബന്ധിച്ച വാർത്തകളും സജീവമാണ് .നിരവധി സ്ഥലങ്ങളിൽ തെരുവുനായ്ക്കൾക്ക് ഭക്ഷണത്തിൽ വിഷം നൽകി കൊന്നു,അടിച്ചു കൊന്നു എന്നിങ്ങനെ ഉള്ള വാർത്തകൾ നമ്മൾ കേട്ടതാണ്. പട്ടികളുടെ മുമ്പിൽ മനുഷ്യ ജീവനും വിലയുണ്ട് എന്ന് തിരിച്ചറിവിലുള്ള ത്വരയായിരിക്കാം ഇങ്ങനെ ചെയ്യുന്നതിന് പ്രേരിപ്പിച്ചിട്ടുള്ളത്., പേവിഷബാധയ്ക്ക് എതിരെയുള്ള വാക്സിൻ എടുത്തിട്ടും മരണപ്പെ





ടേണ്ടിവരുമെന്ന ചിന്ത അലട്ടുന്ന തായിരിക്കാം മറ്റൊരു കാരണം.

ഇരുചക്ര, മുചക്ര വാഹന ങ്ങളിൽ യാത്ര ചെയ്തു എന്ന ഒറ്റക്കാരണത്താൽ നായ്ക്കളുടെ കൊട്ടെഷൻ ആക്രമണത്തിന് ഇര യായി അപകടത്തിൽപ്പെട്ട ഒരു പരിചയക്കാരൻ എങ്കിലും നമുക്ക് എല്ലാവർക്കും ഉണ്ടാകും. അപ കടത്തിന്റെ തീവ്രതയിൽ നട്ടെ ല്ല് തകർന്ന് ഒന്ന് എഴുന്നേറ്റു നിൽക്കാൻ പോലും കഴിയാതെ ജീവിതത്തെ ശപിച്ചു കഴിയുന്ന എത്രയോ മനുഷ്യർ ഈ നാട്ടി ലുണ്ട്.ഇതിനൊക്കെ ഉത്തരവാദി കൾ ആരാണ്.

രാത്രികാലങ്ങളിൽ എല്ലാ റോഡുകളും ജംഗ്ഷനുകളും തുടങ്ങി നടന്നു പോകുന്ന ഇട വഴികൾ വരെ ഈ പട്ടി കൂട്ടം കയ്യടക്കുന്ന കാഴ്ചയാണു കാ ണുന്നത്. ഗ്രാമപ്രദേശങ്ങളിലെ എല്ലാ പ്രധാന ജംഗ്ഷനുകളും സ്കൂൾ ,ഓഫീസ് കോമ്പൌണ്ടുക ളും എന്തിന് എടിഎം ക്യാബിൻ വരെ ഇവരുടെ നിയന്ത്രണത്തി ലാണ് . നമ്മുടെ ഭാഗത്ത് നിന്നും ഒരുതരത്തിലുള്ള പ്രകോപനവും ഇല്ലാതെ തന്നെ മുന്നേ സ്കെച്ച് ചെയ്ത് വച്ചിരുന്ന മാതൃകയിൽ അവർ കൂട്ടത്തോടെ വളയുന്നു .പണ്ടത്തെ പട്ടികളെ ആട്ടിപായി ക്കുന്നത് പോലെ ഇന്നത്തെ ന്യൂ ജനറേഷൻ തെരുവു പട്ടികളെ കല്ലെടുത്തെറിഞ്ഞു പായിക്കാൻ

കഴിയില്ല. കാരണം കല്ലെടു ക്കാൻ കുനിയുന്നത് മാത്രമേ ഓർമ്മയുണ്ടാവൂ. നടന്നുപോകു മ്പോൾ ഒരു വടിയും കൊണ്ട് പോ യാലോ എന്ന് വിചാരിച്ചാലോ വടികറക്കിയുള്ള പ്രാക്ടീസ് നിർ ബന്ധമായും നേടിയിരിക്കണം. ഇതൊക്കെ മനസ്സിലാക്കിയവർ രാവിലെയുള്ള നടത്തം വരെ ഉപേക്ഷിച്ചു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ തെരുവുപട്ടികളുടെ വന്ധ്യംകരണവും കുത്തിവയ്പും ഇപ്പോഴും തകൃതിയായി നടക്കു ന്നുണ്ട്. ഒരു പ്രദേശത്തുള്ള കയ്യിൽ കിട്ടുന്ന കുറെ പട്ടികളെ പിടിച്ച് അഴിയടിച്ച വാഹനത്തിൽ കയറ്റി കൊണ്ട് പോകുന്നത് കാണാറുണ്ട്.ഈ വാഹനത്തി ന്റെ ഹോണടി കേൾക്കുമ്പോൾ സ്ഥിര പരിചിതരായ പട്ടികൾ ഓടിരക്ഷപ്പെടും. വാഹനം പോ യതിനു ശേഷം മാത്രമേ തിരി ച്ചെത്തുകയുള്ളൂ. കിട്ടിയ പട്ടിക ളുമായി പോയതിനുശേഷം മൂന്ന് നാല് ദിവസം കഴിയുമ്പോൾ ഈ പട്ടികളെ മറ്റൊരു പ്രദേശ ത്ത് വന്ധ്യംകരണത്തിന്റെ സൂ ചനകൾ അവരുടെ ശരീരത്തിൽ പതിപ്പിച്ച് കൊണ്ടുവന്നു ഇറക്കും.



അന്നുമുതൽ അവറ്റകളുടെ ശല്യമില്ലാതിരുന്ന പ്രദേശത്ത് കൂടി ശല്യമാകും. ഇത് ഒരു പ്രത്യേകതരം വന്ധ്യംകരണം ആയതിനാൽ അവർക്ക് മലയാളി പതിച്ചു കൊടുത്ത കന്നിമാസത്തിന്റെ പരിഗണനയൊന്നും വേണ്ട അവർ പെട്ടെന്ന് തന്നെ പെറ്റു പെരുകി കൊള്ളും.....

എത്രയോ നിരുപദ്രവകാരികളായ കോഴിയും താറാവും വളർത്തു പന്നിയും ഒക്കെ അവരുടെ പേരിലുള്ള പനി കാരണം കൂട്ടക്കൊലക്ക് ഇരയാക്കപ്പെട്ടിട്ടുള്ള നാടാണ് നമ്മുടേതെന്നു കൂടി ഈ സമയത്ത് ഓർത്തു പോകുന്നു.ഇതിൽ നിന്നൊക്കെ ഒരു പരിഹാരം അത്യാവശ്യമല്ലേ.

തെരുവ് നായകളുടെ ശല്യവും അവയുടെ ആക്രമണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ പരിശോധിച്ചു പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമായി ബഹു. സുപ്രീം കോടതി നിയോഗിച്ച റിട്ട. ജസ്റ്റിസ്. ശ്രീ.സിരിജഗൻ കമ്മിഷൻ 2016 മുതൽ എറണാകുളം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നുണ്ട്. അദ്ദേഹം സുപ്രീം കോടതി മുമ്പാകെ നൽകിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു. "excessive" stray canine population will continue to pose "very serious threat" to public safety unless brought down to "manageable level".

ഇത് സംബന്ധിച്ച വിവരങ്ങൾ അനുസരിച്ച് കഴിഞ്ഞ അഞ്ചു വർഷത്തിനിടക്ക് ഏകദേശം 10 ലക്ഷത്തോളം പേർക്ക് നായയുടെ കടിയേറ്റതായി സ്ഥിരീകരിക്കുന്നുണ്ട്.

നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും നടുറോഡിലും പാതയോരങ്ങളിലും നിയന്ത്രണമില്ലാതെ തള്ളുന്ന അറവു മാലിന്യങ്ങൾ ആണ് തെരുവ് നായ്ക്കളെ ചോര കൊതിയന്മാരാക്കുന്നത്. ഇത്തരം മാംസാവശിഷ്ടങ്ങൾ ഭക്ഷിക്കുന്ന നായ്ക്കൾ മറ്റുള്ളവയെക്കാൾ കൂടുതൽ അക്രമ സ്വഭാവം ഉള്ളവരായിരിക്കും.



ശാസ്ത്രീയമായി നായ്ക്കളെ പരിപാലിക്കാനുള്ള അർഹത നേടിയവർക്കും അവയെ അവയെ ഉപേക്ഷിക്കാതെ പരിപാലിക്കാൻ മനസ്സുള്ളവർക്കും മാത്രം നായ വളർത്തുന്നതിനുള്ള അനുമതി നൽകിയാൽ ഇവിടത്തെ തെരുവുനായ ശല്യം കുറയാൻ സാധ്യതയുണ്ട്. നിലവിലുള്ള തെരുവുനായ്ക്കളെ ശാസ്ത്രീയമായ രീതിയിൽ വന്ധ്യം കരിക്കുകയും അപ്രകാരം ചെയ്തവയെ പ്രത്യേക ഷെൽട്ടറുകളിലേക്ക് മാറ്റുകയും വളർത്തു നായ്ക്കൾക്ക് ബ്രീഡിംഗ് ലൈസൻസ് നിർബന്ധമാക്കുകയും അവ മൂലം മറ്റുള്ളവർക്ക് ഉണ്ടാകുന്ന അപകടങ്ങൾക്ക് അതിന്റെ ഉടമസ്ഥൻ ഉത്തരവാദി ആണെന്നും ഉള്ള നിയമം കൂടി വരുകയും അനധികൃത അറവു ശാലകൾക്ക് കടിഞ്ഞാൺ ഇടുകയും ചെയ്താൽ ഒരു അഞ്ചാറു മാസം കൊണ്ട് പട്ടി ശല്യം സ്വാഹ.....




**Theertha. R**
D/o Reeja. S
Sl.Gr. Confidential Assistant

# REJUVENATION

She lived many lives,
Going in a cycle,
Always fell for the same thing, many lives
Abintio she know that it was fire
The top that got her all the time; love

Reborn again to have the same destiny,
Born from the ashes again to burn into ashes,
From which she rejuvenate again,
Not able to fullfil her desire,
Stuck in the miserable cycle.

Like a bolide, she was burning inside,
Like a swen she lives in,
Thinks a covert would help
But it never happened.



കഥ



ഷജിബുദീൻ. ബി

# ഭ്രൂണം



**തു**മ്പിയെ പിടിക്കാൻ നടക്കുന്ന കുട്ടിയെപ്പോലെ, തെച്ചിപ്പഴം പെറുക്കാൻ നടക്കുന്ന കുട്ടിയെപ്പോലെ ഒരു പാട് ദിവസങ്ങൾ ഒരു പാട് ഇടങ്ങളിൽ തെരഞ്ഞു. ഇടയ്ക്ക് കുറേയെണ്ണം കൈയ്യിൽ കിട്ടിയതാണ്. ഒന്നിനും ഒരു പൂർണ ജൻമമായി വളരാൻ കെൽപ്പില്ല, ഷണ്ഡീകരിക്കപ്പെട്ടവ. വരിയുടയ്ക്കപ്പെട്ട കാളകളെപ്പോലെയുള്ള ജൻമങ്ങൾ. പിതൃപിണ്ഡം വയ്ക്കാൻ തലമുറകളെ ജനിപ്പിക്കാൻ കഴിയാതെ ജീവിച്ചു തീർക്കാൻ തലയിലെഴുതപ്പെട്ടവ.

വരണ്ടുണങ്ങിയ വിളകളിൽ, വിണ്ടുകീറിയ പാടവരമ്പിൽ, വെയിൽച്ചൂടിൽ കത്തിപ്പോകാൻ തുനിഞ്ഞു നിൽക്കുന്ന കരിയിലകൾക്കിടയിൽ, ടാറു ചെയ്തു വെടിപ്പാക്കപ്പെട്ട ഇട വഴികളിൽ,എവിടേയും ഉശിരുള്ള ജീവന്റെ തുടിപ്പു പേറിയ ഒരു ഭ്രൂണത്തെ അയാൾ തെരഞ്ഞു. ഒടുവിൽ ആരോ കടിച്ചു വലിച്ചെറിഞ്ഞ അവസ്ഥയിൽ കലുങ്ങിന്റെ വശത്തെ ഓടയ്ക്കരികിൽ നിന്നും ഒരെണ്ണം ലഭിച്ചു.

ജീവന്റെ തുടിപ്പ് അൽപ്പം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മൃതപ്രായം എങ്കിലും അതു വരെ ലഭിച്ചതിൽ ജീവശക്തി ഏറ്റവും കൂടിയതു തന്നെ ചെവിയോടു ചേർത്തു ശ്രദ്ധിച്ചു.ഇല്ല പൂർണമായും മരിച്ചിട്ടില്ല. ഒരു കടലിന്റെ ഇരമ്പൽ, വൻ മേഘത്തെ പിടിച്ചു നിറുത്തി പേമാരിയെ ആവാഹിക്കാനുള്ള ശേഷിയുടെ മുഴക്കം.ആ പേമാരിയെ മണ്ണിനടിയിൽ തളച്ചു നിർത്താനുള്ള വേരുറപ്പിന്റെ ശംഖൊലി .

അമ്മ പ്രസവിച്ച് അച്ഛന്റെ കരങ്ങളിൽ കിട്ടിയ കുഞ്ഞിനെയെന്ന പോലെ അയാൾ അതിനെ നോക്കി. വിരലുകൾ കൊണ്ട് തൊട്ടുതലോടി. നെഞ്ചോടു ചേർത്തു വച്ചു. ഉള്ളിൽ ഉറവാർന്ന ആനന്ദം അതിലേയ്ക്ക് കിനിഞ്ഞു. പരിസരം മറന്നൊരു മുത്തവും കൊടുത്തു.

“മാരിയപ്പൻ മാങ്ങാണ്ടിയെ ഉമ്മ വയ്ക്കുന്നേ... ‘ പള്ളിക്കൂടം പിള്ളാർ വിളിച്ചോണ്ടോടി.

‘മാരിക്ക് പ്രാന്ത് മൂത്തു തുടങ്ങി. ’ കേട്ടവർ കേട്ടവർ ചിരിച്ചു.

മാരി മലർന്ന് മാനത്തേയ്ക്ക് കുറേ നേരം നോക്കി നിന്നു.ശരിയാണ് മാനത്തും തറയിലും എന്തൊക്കെയോ മൂത്തു തുടങ്ങിയിരിക്കുന്നു. പിന്നെയൊന്നു പൊട്ടിച്ചിരിച്ചു.

വീടിന്റെ കിഴക്കേ ദിക്കിൽ മരമില്ലായിരുന്നു. വെയിപ്പൂക്കൾ ചുട്ടെടുക്കുന്ന വറചട്ടി പോലുള്ള തറ. കുപ്പി ചരിച്ചുപിടിച്ച് ആറ്റിൽ നിന്നും ആവാഹിച്ച ജലത്തിന്റെ തുള്ളികൾ ഒഴിച്ച് തറയെ കുതിർത്തു. ഒന്നു കുതിർന്നു വരുമ്പോഴേയ്ക്കും വെയിലു വന്നുണക്കും.

മാരിയപ്പൻ വീണ്ടും ജലത്തുള്ളികളെ ആറ്റിൽ നിന്നും കുപ്പിയിൽ ആവാഹിച്ചു. ഇടയ്ക്ക് സൂര്യനെ നല്ല തെറിയും പറഞ്ഞു. മാരിയപ്പന്റെ ഭ്രാന്തിനെ ഒന്നു മൂപ്പിക്കാൻ കഴിഞ്ഞതിൽ സൂര്യൻ ആനന്ദിച്ചു ചിരിച്ചു.മാരിയപ്പൻ ചിരിക്കുന്നത് ഒരു കൂട്ടച്ചിരിയായി അയൽ വീടുകളിലേയ്ക്ക് പടർന്നു. ആറ്റുവെള്ളത്തിൽ കുതിർന്ന തറയിൽ

പിക്കാസിനു വെട്ടി കുഴിയുണ്ടാക്കി. മണ്ണിന്റെ അടരുകൾ അത്ര സുഗമമായിട്ടില്ലെങ്കിലും വഴങ്ങി. വിവാഹം കഴിഞ്ഞ ആദ്യ രാവ് മാരിയപ്പന് ഓർമ്മ വന്നു. പേടിച്ചരണ്ട പെണ്ണിനോട് ഞാനില്ലേ കൂടെ എന്നു ചോദിച്ചത്. ഇടവപ്പാതി തിമിർത്തപ്പോൾ ഈ മഴ മണ്ണിനെ പ്രണയിക്കുമ്പോലെ ചാവും വരെ എന്നെ പ്രണയിക്കണമെന്ന് അവൾ പറഞ്ഞത്. ഹൃദയത്തോട് ചേർന്നപ്പോൾ അകതാരിലെ ജീവൻ ആനന്ദം കൊണ്ടു തുടിച്ചത്.സ്ത്രീയും പുരുഷനും ചേർന്നു നിർമ്മിക്കുന്നത് ഒരു ശരീരവും ഉയിരും മാത്രമല്ല, അതിൽ ജീവിതത്തിന്റെ ആനന്ദം കൂടി തുടിക്കുന്നുണ്ട് എന്നു തിരിച്ചറിഞ്ഞത്. ഒക്കെയും മനസിന്റെ പാളികൾ തുറന്ന് പുറത്തേയ്ക്ക് പറന്നു. തങ്ങളാലാവുന്ന ജീവിതാനന്ദങ്ങളൊക്കെയും അതിൽ പകർന്നിരുന്നു. വല്യ തൊഴിലായപ്പോൾ അവനിൽ നിന്നും ആനന്ദം കൈമോശം വന്നുവോ?

രണ്ടു മൂന്നു ദിവസം ആറ്റിൽ നിന്നും കുപ്പിയിലേയ്ക്കാവാഹിച്ച ജലത്തുള്ളികൾ കൊണ്ട് കിഴക്കേ ദിക്കിലെ മണ്ണിനെ മാരിയപ്പൻ പരുവപ്പെടുത്തി. ആലിംഗനത്തിലമർന്ന പെണ്ണിലെന്ന പോലെ അയാൾ ആ ഭ്രൂണത്തെ മണ്ണിലിറക്കി വച്ചു. ചൂടുപിടിച്ച് ജീവൻ തുടിച്ച് ഉടലായി വളരാൻ മണ്ണിട്ടു മൂടി അടവച്ചു.

ചൂടേറിയ മണ്ണ് ഗർഭത്തിലേയ്ക്കു ഭ്രൂണത്തെ സ്വീകരിച്ചു. അയാൾ വെള്ളമെടുക്കാൻ ആറ്റിലേയ്ക്കു പോയി. വീട്ടിലെ കുഴൽ വെള്ളത്തിൽ ജീവനെ കൊല്ലുന്ന വിഷമാണുള്ളതെന്ന് മാരിയപ്പനോട് ഒരിക്കൽ കാർമേഘം പറഞ്ഞിരുന്നു.

'കെളവന്റെ വട്ട് പിന്നേം മുത്തു.ദാ എന്തിന്റെയോ അണ്ടീം കുഴിച്ചു വച്ച് വെള്ളം കോരുന്നു.' അർദ്ധ പരിഹാസത്തിൽ പൊതിഞ്ഞ ,മരുമകളുടെ വാക്കുകൾ. അപ്പോൾ അവൾ റിയാലിറ്റി ഷോയുടെ പതിനഞ്ചാം സീസന്റെ ഇടവേളയിലായിരുന്നു.

ആറ്റിൽ നിന്നും വെള്ളമെടുക്കാൻ പോയ നാളുകളിൽ ഒരു ദിവസം കുളിക്കാൻ വന്ന പെണ്ണുങ്ങൾ കല്ലെടുത്തെറിഞ്ഞു. 'വട്ടാണെങ്കിലും പെണ്ണുങ്ങൾ കുളിക്കുന്നതു കാണാൻ വട്ടൊന്നുമില്ല.'

കല്ല് തലയിൽ വീണതും തലകീറി ചോരയൊഴുകിയതും മാരിയപ്പൻ അറിഞ്ഞില്ല. അകതാരിൽ പ്രണയം നിറഞ്ഞ ഒരു ദിവാസ്വപ്നക്കാരിയായ കാമുകിയെപ്പോലെ മാരിയപ്പൻ ആ വാക്കുകൾ കേട്ടില്ല. ഗർഭത്തിൽ കിളിർക്കുന്ന ഒരു പ്രാണനു വേണ്ടി അയാൾ പ്രാർത്ഥിക്കുകയായിരുന്നു. അതിന്റെ അവയവങ്ങളെല്ലാം നന്നായി വളരണം .കുട്ടൻ നാടാരുടെ ഭാര്യ പ്രസവിച്ച കുഞ്ഞിനു ബുദ്ധിമാന്ദ്യം വന്ന് കുരുട്ടു പിടിച്ചു പോയത്, വർഗീസിന്റെ ഭാര്യ പ്രസവിച്ച കുഞ്ഞിനു കാൽമുട്ടിനു താഴെ തളർച്ച വന്നത്, ഒക്കെയും അയാളിൽ ഭീതിയായി നിറഞ്ഞിരുന്നു. ഒരു വൻമരമായി വളരേണ്ടവനാണ്. നീ കരുത്തോടെ കിളിർപ്പിച്ചു പുറത്തുതായോ... മാരിയപ്പൻ മാനത്തേയ്ക്ക് കൈകളുയർത്തി പ്രാർത്ഥിച്ചു. മണ്ണിന്റെ ഗർഭത്തിലിരിക്കുമ്പോൾ എന്തു നടക്കുന്നുവെന്ന് എങ്ങനെ അറിയുവാനാകും.

'സ്കാൻ ചെയ്തു നോക്കിയാൽ മതി.' മാരിയപ്പന്റെ പിറുപിറുക്കലിനു മരുമകൾ മറുപടി പറഞ്ഞു.

സ്കാനിങ്ങില്ലാത്ത കാലത്താണ് ആനന്ദനെ അമ്മ ഉദരത്തിൽ പേറിയത്. ആത്മാവിന്റെ കാവൽ മാത്രമായിരുന്നു രക്ഷാവലയം.മാരിയപ്പൻ മണ്ണിനോട് ചേർന്നിരുന്നു. ഭാര്യയുടെ അടുത്തെന്ന പോലെ.ആനന്ദന്റെ അമ്മയെപ്പോലെയല്ല, ബലമില്ലാത്ത മണ്ണാണ്. മണ്ണിലേയ്ക്ക് ചൂടായി നിറയാൻ അയാൾ വെയിലിനോട് പ്രാർത്ഥിച്ചു. ആറ്റിലെ ജലത്തുള്ളികളെ കുപ്പിയിലേയ്ക്ക് ആവാഹിച്ചു തളിച്ചു കൊടുത്തു. മണ്ണിൽ ചെകിടു ചേർത്തു വച്ചു. മണ്ണിന്റെ ഉദരത്തിൽ ചുണ്ടു ചേർത്തു വിളിച്ചു 'മക്കളേ.'

ആദ്യ നാളുകളിൽ മണ്ണിൽ നിന്ന് ഒരു അനക്കവും അറിഞ്ഞില്ല. അഞ്ചും ആറും നാളുകളിൽ എന്തൊക്കെയോ മന്ത്രങ്ങൾ ഉരുവിടും പോലെ അടുത്തിരുന്നു പിറുപിറുത്തു.മാരിയപ്പൻ തപസു തുടങ്ങിയെന്നു മാലോകരിൽ ചിലർ പറഞ്ഞു .ഏഴാം നാൾ പണ്ട് ഭാര്യയുടെ ഉദരത്തിലെ തൊലിപ്പുറത്ത് പ്രത്യക്ഷപ്പെട്ട വെളുത്ത വടുക്കൾ പോലെ മൺകൂന വെടിച്ചു. അവനെ വയറ്റിൽ പേറുന്നുവെന്ന് പറഞ്ഞപ്പോൾ അവളെ ആലിംഗനം ചെയ്ത പോലെ അയാൾക്ക് ആ മണ്ണിനെ കെട്ടിപ്പിടിക്കണമെന്നു തോന്നി. അവനു വേദനിച്ചാലോ ... വേണ്ട ,അവൻ പുറത്തേയ്ക്കു വരികയല്ലേ. അൽപ്പം കൂടി ക്ഷമിച്ചാൽ മതിയല്ലോ. ഉള്ളിലുദിച്ച ആനന്ദത്തിന്റെ സൂര്യനെ അയാൾ ഒതുക്കി വച്ചു.

ഒൻപതാം നാൾ പ്രഭാതത്തിൽ കിഴക്കു വെള്ള വീശവേ കിഴക്കേത്തറയിൽ ഞരക്കം കേട്ട് മാരിയപ്പൻ ഉണർന്നു .തോടിനുള്ളിൽ നിന്നും പൂർണമായി വിട്ടുമാറാത്ത മടങ്ങിയ ഇലകൾ തണ്ടോടു കൂടി പുറത്തേയ്ക്കു വന്നു.അവൾ പ്രസവത്തിന്റെ പ്രാണവേദന അനുഭവിക്കുകയാണ്.പുരുഷനു സഹായിക്കാനാകാത്ത നോവിന്റെ സമയം.

കുറച്ചു കമ്പുകൾ ഒടിച്ച് ഒരു വേലി തീർത്ത് ഒരു കാവൽ ഒരുക്കി കൊടുത്തു. പട്ടിയോ പൂച്ചയോ ചാടി ഒടിഞ്ഞു പോയാലോ കോഴി കൊത്തി കേടുവരുത്തിയാലോ . പണ്ട് വേണുവിന്റെ ഭാര്യ പ്രസവമുറിയിലായിരുന്നപ്പോൾ ഡോക്ടർക്ക് ഒരു ഫോൺ കോൾ വന്നു. ഡോക്ടർ ഫോണിൽ സംസാരിച്ചു തീർന്നപ്പോൾ കിട്ടിയത് ജീവനില്ലാത്ത ഒരു ചെറിയ ശരീരവും പാതി

ചത്ത അവന്റെ പെണ്ണിനെയുമായിരുന്നു. അന്നത്തെ അവന്റെ നിലവിളി ഇപ്പോഴും കാതിലലയ്ക്കുന്നുണ്ട്.

വൈകുന്നേരമായപ്പോൾ ഒരു ചെറു കാറ്റു വന്ന് പ്ലാസന്റയിൽ നിന്നും കുഞ്ഞിനെ പുറത്തെടുക്കും പോലെ ഒരു പൂവിരിയുന്ന സൂക്ഷ്മതയിൽ തോടിനെ ഇളകി വീഴാൻ സഹായിച്ചു.ചുരുട്ടിപ്പിടിച്ച രണ്ടു മൃദുകരങ്ങൾ പോലെ രണ്ട് ഇലകളുമായി അവൻ പൂർണമായും മണ്ണിന്റെ ഉദരത്തിൽ നിന്നും പുറത്തു വന്ന് വേരുകൾ മണ്ണിലാഴ്ത്തി നിന്നു.

പൊക്കിൾകൊടിമുറിച്ച് ആനന്ദനെ പുറത്തെടുക്കുമ്പോഴും അവൻ അമ്മയിലേയ്ക്ക് ചേർന്നു കിടന്നിരുന്നു. പൊക്കിൾക്കൊടി മാതാവിൽ നിന്നും മുറിക്കാത്ത മനുഷ്യനാണ് മരം .വൃദ്ധനായി വേടു വീണാലും അവൻ അമ്മയിലേയ്ക്കു വേരൂന്നി നിൽക്കും. പിന്നെന്താ ആനന്ദൻ വരാതിരുന്നത്? ഓ,അമ്മ മരിച്ചല്ലോ, അതു കൊണ്ടാവും പക്ഷേ അമ്മ മരിച്ചപ്പോഴും അവൻ കാണാൻ വന്നില്ലല്ലോ. ടൈം അറേഞ്ച് ചെയ്യാൻ കഴിയുന്നില്ല എന്ന മെസേജ് വന്നതായി മരുമകൾ പറയുകയുണ്ടായി.

അന്ന് താൻ അവളുടെ അടുത്തിരുന്ന് മരണത്തോട് പറഞ്ഞതാ ഒന്ന് അഡ്ജസ്റ്റ് ചെയ്യാൻ.നാശം, കേട്ടില്ല. അവളേം കൊണ്ടേ പോയുള്ളൂ.

'അമ്മേ,ദാ, അപ്പൂപ്പൻ മണ്ണീ കളിക്കണ്.' വേലിമുറിയിൽ പെറ്റു കിടക്കുന്ന കുഞ്ഞിനു മണ്ണു ചേർത്ത് മൂടു കനപ്പിക്കുന്നതു കണ്ട കുഞ്ഞു അമ്മയുടെ അടുത്തേയ്ക്കോടി. കുഞ്ഞു അപ്പൂപ്പനെ ഒറ്റു കൊടുത്തു.

മരുമകൾ വന്നില്ല. ഒന്നും ചോദിച്ചില്ല. അതു കൊണ്ടു തന്നെ ഭയം അയാളെ വിട്ടു പോയില്ല. പല തെറ്റുകൾക്കും രണ്ടോ മൂന്നോ ദിവസം കഴിഞ്ഞായിരിക്കും അവൾ പ്രതികരിക്കുക. പക്ഷേ മാരിയപ്പൻ വേലിമുറി വിട്ടു പോയില്ല.

ഒരു ദിവസം റോഡരുകിൽ നിന്നും ചാണകം വാരി മാവിൻ ചുവട്ടിൽ വിതറവേ വീണ്ടും കുഞ്ഞു കണ്ടു.

'അമ്മേ,ദാ, അപ്പൂപ്പൻ തീട്ടം വാരുന്നു. ഇനി അപ്പൂപ്പനെ വീട്ടിക്കേറ്റാൻ കൊള്ളില്ല.'

പിന്നെ മാരിയപ്പനോടായി അവൾ പറഞ്ഞു , 'അപ്പൂപ്പനെ അമ്മ ഇനി വീട്ടീക്കേറ്റില്ല. നോക്കിക്കോ...'

അന്ന് മാരി വീട്ടിൽ കയറിയില്ല. ചായ്പിൽ കഴിച്ചുകൂട്ടി.പിന്നീട് എല്ലാ സന്ധ്യയിലും മരുമകൾ വേഗം വാതിലടച്ചു. ആഹാരം പഴയ പാത്രത്തിൽ ചായ്പിൽ വന്നു.

വേലി മുറിയിൽ സൂക്ഷിച്ചിരുന്ന തൈയ്യുടെ രണ്ടിലകൾ വികസിച്ചു നാലായി.മാരിയപ്പൻ തന്റെ പ്രജ്ഞയെ വിടർത്തി കുഞ്ഞുമരത്തിനു കാവലിരുന്നു. ആനന്ദന്റെ കുഞ്ഞു കവിളിലെന്നപോലെ ആ മൃദുദലങ്ങളിൽ തൊട്ടു.

മാരിയപ്പൻ എന്തൊക്കെ ചെയ്യുന്നു എന്ന് അറിയാൻ കുഞ്ഞു നിയോഗിക്കപ്പെട്ടു. ഒരു ചാര യുവതിയുടെ വൈദഗ്ധ്യത്തോടെ അവൾ പ്രവർത്തിച്ചു. ഇടയ്ക്കിടയ്ക്ക് അവൾ ഒളിഞ്ഞു വീക്ഷിച്ചു.പിന്നെ ഓടിപ്പോയി അമ്മയ്ക്കു വിവരങ്ങൾ നൽകി.

ഒരു ദിവസം മാരിയപ്പൻ അവളെ കൈയ്യാട്ടി അരികിലേയ്ക്ക് വിളിച്ചു. ആദ്യം അറച്ചു നിന്നെങ്കിലും ഒരു കളിക്കൂട്ടുകാരനെ കിട്ടിയ സന്തോഷത്തോടെ അവർ അടുത്തുചെന്നു.

'അപ്പൂപ്പനെന്തിനാ മണ്ണുവാരി കളിക്കണെ?' അവൾ ചോദിച്ചു.

'അപ്പൂപ്പൻ ഒരു നിധി കുഴിച്ചിട്ടിരിക്കുവാ, അത് മണ്ണിൽ വളർന്ന് സ്വർണപ്പഴങ്ങൾ തരും.'

'അപ്പോൾ നമ്മൾ കുറേക്കൂടെ വല്യ പണക്കാരാവും അല്ലേ അപ്പൂപ്പാ ?'

'അതെ. അപ്പോഴാണ് നമ്മൾ വല്യ സമ്പന്നരാകുന്നത്. '

'പിന്നെന്തൊക്കെ തരും അപ്പൂപ്പാ ഈ നിധി?'

'ഈ കോൺക്രീറ്റു വീടിനു തണുപ്പു തരും.'

'അയ്യേ, അതിനല്ലേ അച്ഛൻ എ.സി ഫിറ്റ് ചെയ്തിരിക്കുന്നത്. '

'നമ്മുടെ വറ്റിപ്പോയ കിണറ്റിൽ വെള്ളം നിറയും.'

'അതിനു നമുക്ക് വാട്ടർ കണക്ഷനുണ്ടല്ലോ. ഈ അപ്പൂപ്പനെന്താ പറയണേ'

'കുഞ്ഞൂന്റെ ചുമ മാറും. നല്ല വായു കിട്ടു'

'ചുമ മാറാൻ ഡോക്ടറങ്കിൾ തന്ന മെഡിസിൻ ഉണ്ടല്ലോ.'

'വീട്ടിലെ പൊടിയെല്ലാം പറപറക്കും. '

'അതിനു വാക്വം ക്ലീനറുണ്ടല്ലോ. അച്ഛൻ കഴിഞ്ഞ തവണ വന്നപ്പോൾ കൊണ്ടുവന്നത്.'

'നല്ല കുളിരുള്ള തണലു കിട്ടും.' അവളെ തന്റെ പക്ഷക്കാരിയാക്കാൻ മാരിയപ്പൻ അവസാനത്തെ അടവും പ്രയോഗിച്ചു.

'അതിന് അംബ്രല്ലയുണ്ടല്ലോ. ആംഗ്രി ബേർഡ്സിന്റെ പടമുള്ള സൂപ്പർ അംബ്രല്ല. ഇതൊന്നും ഈ അപ്പൂപ്പനറി യില്ല അല്ലേ? ചുമ്മാതല്ല അപ്പൂപ്പനു വട്ടാണെന്ന് എല്ലാവരും പറേണത് .'

കുഞ്ഞുന്റെ മുന്നിൽ മാരിയപ്പൻ തോറ്റു. അടവുകളെല്ലാം പ്രതിരോധിക്കപ്പെട്ട് മാരിയപ്പൻ ഒരു സമ്പൂർണ പരാജിതനായി.

'മോളൂ, വേർ ആർ യു?'മരുമകളുടെ വിളി ആ ബന്ധത്തെ വേർപെടുത്തി.

വേലിമുറിയിലെ കുഞ്ഞു പതിയെ വളർന്നു.ചെറുകാറ്റുകൾക്കൊപ്പം കൊഞ്ചൽ കൂടി.മാരിയപ്പനും അവരോടൊപ്പം കിന്നാരം പറഞ്ഞു. പതിയെപ്പതിയെ വളർന്നു ബലമാർന്നു.മാരിയപ്പനൊപ്പം പൊക്കമായി. അയാൾ അടുത്തു ചെല്ലുമ്പോൾ അവൾ ചില്ലക്കൈകൾ കൊണ്ട

യാളെ തൊട്ടു. ഒരു ദിവസം ഒരു മഞ്ഞക്കിളി പറന്ന് ശിഖരത്തിലിരുന്നു.

അയാളെ ചിറകാട്ടി വിളിച്ചു.

'എന്താ?'മാരിയപ്പൻ ചോദിച്ചു.

' ഇതിൽ ഞാനൊരു കൂടു വച്ചോട്ടെ?'

'ഓ, വച്ചോളൂ. നിന്റെ കൂട്ടിൽ എന്നെക്കൂടി താമസിപ്പിക്കുമോ ?മാരിയപ്പൻ അനുവാദം നൽകിക്കൊണ്ട് ചോദിച്ചു.

'തീർച്ചയായും.'

'ഒടുവിൽ എന്നെ ചായ്പിലാക്കുമോ?'

ഞങ്ങളുടെ വീട്ടിൽ ചായ്പില്ല. അതു കൊണ്ട് പേടിക്കണ്ട.' മാരിയപ്പന്റെയുള്ളിലും ആഹ്ളാദം നിറഞ്ഞു. അത് പുഞ്ചിരിയായി കവിളിൽ പടർന്നു.


' ഞാൻ പറഞ്ഞില്ലെന്നു വേണ്ട .അതിന്റെ വേരു പടർന്ന് ചുറ്റിനുമുള്ള തറയോടും വീടിന്റെ ബേസ്മെൻറ് തന്നെയും പൊട്ടിത്തകരും. '

ആനന്ദനോടു ഭാര്യ ഫോണിൽ മുന്നറിയിപ്പു നൽകി.

മാരിയപ്പൻ ഓടിപ്പോയി ഫോൺ വാങ്ങി പറഞ്ഞു, 'മോനേ ആനന്ദാ, മനുഷ്യകുലത്തിന്റെ ബേസ്മെന്റ് മൊത്തം തകരാറിലാണെടാ. നീ എപ്പളാ വരണെ ? നമുക്ക് അതൊന്ന് ശരിയാക്കണം ഒരുപാട് പണിയുണ്ട്. വേഗം വാടാ.'

മരുമകൾ ഫോൺ തിരികെ പിടിച്ചു വാങ്ങി. 'ഇതാ ഇപ്പോൾ മനസിലായോ ... മാത്രമല്ല ഇപ്പോൾ ചായ്ചിലാണ് കിടത്തം. വല്ല ചാനലുകാരും മണം കിട്ടിയാൽ ഓടി വരും. പിന്നെ എനിക്കു ജാമ്യമെടുക്കാൻ ഇവിടെ മോൾ മാത്രമേയുള്ളൂ എന്നു കൂടി ഓർത്തോണം.' ഫോൺ അവൾ ശക്തിയായി കട്ട് ചെയ്തു.

പ്രഭാതം പിറേന്ന് കൂകാനാ



കാത്ത കോഴി ഉണരും മുൻപേ ഉണർന്നു. അച്ഛാ എന്ന കനമുള്ള വിളി മാരിയപ്പനെ ഉണർത്തി. മുന്നിൽ മകൻ .

'ആനന്ദാ, നീ വന്നോ മക്കളെ, എനിക്കറിയാമായിരുന്നു നീ വരുമെന്ന് .ആനന്ദാ എല്ലാം കെട്ടു പോയി മക്കളെ, എന്തൊക്കെയോ വാടകൾ മാത്രം. എല്ലാം നമുക്ക് കുഴിച്ചു മൂടണം.'

'പറയുന്നതു കേട്ടാ, ഞാൻ മാലിന്യമാണെന്ന്. എന്നെ കുഴിച്ചുമൂടണമെന്ന് .'മരുമകൾ പല്ലിറുമ്മി .

' നമുക്ക് കുഞ്ഞൂനെയെങ്കിലും കാക്കണം ആനന്ദാ...'

'അച്ഛൻ വാ. വന്നു വണ്ടിയിൽ കയറ്. '

'ഞാൻ വരുന്നില്ലെടാ .നമ്മൾ പോയാൽ കുഞ്ഞൂനെ നോക്കാൻ ആരുമില്ലെടാ .അതു ജനിച്ചു വന്നിട്ടേയുള്ളൂ. '

അച്ഛാ, വന്നു വണ്ടീ കേറാൻ. മാരിയപ്പൻ ഭൂമിയിലുറച്ച പാറ പോലെ അനങ്ങാതെ നിന്നു.

' ഇതല്ലേ തടസ്സം. ഇപ്പോൾ മാറ്റിത്തരാം.'

ആനന്ദൻ ഓടിച്ചെന്ന് വേലി മുറിയ്ക്കകത്ത് കാറ്റിനോട് ഉല്ലാസ മാടുന്ന കുഞ്ഞിന്റെ ശിരസിൽ പിടിച്ചു വലിച്ചുയർത്തി .കുഞ്ഞു മരം മണ്ണിൽ വേരുകൊണ്ട് അള്ളിപ്പിടിച്ചു. ആനന്ദൻ അതിനെ ആട്ടിക്കുലുക്കി വലിച്ചു പിഴുതു ചവിട്ടിയൊടിച്ച് മൂന്നു വേലിയ്ക്കപ്പുറത്തേയ്ക്ക് വലിച്ചെറിഞ്ഞു.

കൂടുകൂട്ടാനുള്ള ചുള്ളികളുമായി വന്ന മഞ്ഞക്കിളി വെട്ടിനുറുക്കി കൊല ചെയ്യപ്പെട്ട കുഞ്ഞൂന്റെ ജഡമാണ് കണ്ടത്.

'വളർത്തേണ്ടവൻ തന്നെ തളർത്തിയോടാ'.മാരിയപ്പൻ തല തല്ലിക്കരഞ്ഞു.

ഏതോ മഹാ അപരാധത്തിനു ശിക്ഷിക്കപ്പെട്ട് ജയിലിലേയ്ക്കു കൊണ്ടു പോകുന്ന കുറ്റവാളിയെ പോലെ ജീപ്പ് മാരിയപ്പനേയും കൊണ്ട് പൊടി പടർത്തി ചീറിയകന്നു.

മുന്നിൽ അഴികളുള്ള മുറി.ആനന്ദൻ തന്നെ വേലി മുറിയ്ക്കകത്ത് സൂക്ഷിച്ചിരിക്കുകയാണ്. അവൻ സ്നേഹമുള്ളവനാണ്. ഇനി താനൊരു ഭ്രൂണമാകണം. സുഖ സുഷുപ്തിയിലാകണം. മണ്ണിൽ ആഴ്ന്നിരുന്ന് ചൂടു കൊണ്ട് ജലത്തെ ആവാഹിച്ചുവിഭജിക്കണം. രണ്ടു നാലായി നാലെട്ടായി ... തോടു പൊട്ടിച്ച് ഉശിരോടെ തലയുയർത്തി മുകളിൽ വരണം.

മാരിയപ്പൻ സൂര്യ വെളിച്ചത്തിനായി മലർന്നു നോക്കി. മുകളിൽ കോൺക്രീറ്റ് മേൽതട്ട് – അഴിവേലിക്കരികിൽ പോയി ആകാശം നോക്കി. ചൂടു തീർന്ന് സൂര്യൻ അണയുകയാണ്.


നേരെ എതിരെയും അനേകം വേലി മുറികൾ .അതിലുമെല്ലാം ഓരോ ഭ്രൂണങ്ങൾ. അവരെല്ലാം വിടർന്ന് ഇലകളായി, ചില്ലകളായി മരങ്ങളായി മാറും മുൻപ് തനിക്കു വിരിയണം. നാളത്തെ സൂര്യോദയത്തിൽ ആദ്യം. തറയിൽ വിരിച്ച പായയിൽ വെൺവസ്ത്ര തോടുപുതച്ച് കൈകാലുകൾ ചുരുട്ടി മാറോട് ചേർത്ത് മാതാവിന്റെ ഉദരത്തിലെന്നോണം ഒരു ഭ്രൂണമായി അയാൾ കിടന്നു.




**Niranjana Prakash**
D/o Gayathri G,
Asst. Section Officer, LSGD

# OIL PAINTINGS











**Abhinanda R**
Std. IV, D/o Renjish Kumar R,
Asst. Section Officer, Transport Dept

# CRAYONS







# സമരപഥങ്ങളിൽ



പുന:പരിശോധനാ സമിതിയുടെ
റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട്
ഇന്നേക്ക്
505-ാം
നാൾ
പങ്കാളിത്ത പെൻഷൻ പിൻവലിക്കുക
സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുക
വിളിച്ചുണർത്തൽ
സമരം
2022
സെപ്തം
16
കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ
കെ.ബിനോദ്
ജനറൽ സെക്രട്ടറി













*ആര്യ ഈവന്റ് മീഡിയ എന്റർടെയ്ൻമെന്റ് സംഘടിപ്പിച്ച 2022 ലെ സോളോ ലേഡി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ (5th എഡിഷൻ) മികച്ച സഹനടനുള്ള അവാർഡ് നേടിയ ജസീർ എം.എം.(ദൂരം - ഷോർട്ട് ഫിലിം). കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ നിർവാഹക സമിതി അംഗമായ ജസീറിന് 'സമഷ്ടി'യുടെ അഭിനന്ദനങ്ങൾ*






സെക്രട്ടേറിയറ്റ്




അസോസിയേഷൻ






*ഭാരത് ജോഡോ യാത്രക്കിടെ രാഹുൽ ഗാന്ധിയോടൊപ്പം നിവേദിത എം.ആർ .*
*അസോസിയേഷന്റെ കലാസാംസ്കാരിക വിഭാഗമായ സരസിന്റെ ജോയിന്റ് സെക്രട്ടറി*
*ശ്രീ രഖീഷിന്റെ മകളാണ് നിവേദിത*



*ഭാരത് ജോഡോ യാത്രക്കിടെ രാഹുൽ ഗാന്ധിയുടെ വാത്സല്യം ശശി തരൂരിന്റെ ഒക്കത്തിരുന്ന്  ഏറ്റുവാങ്ങുന്ന ആറു വയസ്സുകാരി ദിയ മരിയ. കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ ട്രഷറർ കെ.എം.അനിൽകുമാറിന്റെ മകളാണ് ദിയ.*




ആശംസകളോടെ...

**കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ**